# യുവദീപ്തി

## ത്രൈമാസിക



## ഇതളുകളിൽ........




**വാർദ്ധക്യം ഒരു പ്രശ്നമേയല്ല**
ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ



**വി. മൂറോനഭിഷേകം വി. വേദാനുസൃതം**
ഫാ. ഡോ. എം. ജോൺ പണിക്കർ



**'ഹൂസോയോ' ഒരു പുനർചിന്തനം**
ഫാ. നൈനാൻ കെ. ജോർജ്ജ്



**വൈദികട്രസ്റ്റിയോടൊപ്പം കുറച്ചു നിമിഷങ്ങൾ..**
(അഭിമുഖം)



**വാർദ്ധക്യം : സമാധാനത്തിന്റെ കാലഘട്ടം**
ഫാ. ജോർജി ജോസഫ്



**ഇന്നിന്റെ സുവിശേഷം**
പ്രിൻസ്.പി. പാപ്പച്ചൻ


മുഖചിത്രം : സന്തോഷത്തിന്റെ വാർദ്ധക്യം
വര : പ്രവീൺ വർഗ്ഗീസ് തോമസ്,
കോട്ടയം ബസേലിയോസ് കോളേജ്, ബിരുദ വിദ്യാർത്ഥി

## 2008-2009 ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | - | ഫാ. ജോൺപോൾ, പുൽപ്രക്കുഴിയിൽ |
| വൈ. പ്രസിഡന്റ് | - | സാമുവേൽ വർഗ്ഗീസ്, സാംസൺ വില്ല |
| സെക്രട്ടറി | - | ബൈജു ബാബു, ബൈജു വില്ല |
| ജോ. സെക്രട്ടറിമാർ | - | ലിജോ ജോൺ, പോക്കാട്ടിൽ കിഴക്കേക്കര<br>അഞ്ചു.റ്റി. രാജു, പുല്ലേലിൽ |
| ട്രഷറർ | - | ദീപ് ജോൺ, കൊല്ലംപറമ്പിൽ |
| കമ്മറ്റി അംഗങ്ങൾ | - | ജോജി ജോർജ്ജ്<br>ഷെറിൻ മാത്യു<br>മഞ്ചിത്ത് മാത്യു<br>സ്റ്റാർക്കി.വി. ഡാനിയേൽ<br>ചിഞ്ചു. വൈ. |
| ഓഡിറ്റേഴ്സ് | - | ഡോൺ ബേബി<br>വിവേക് വർഗ്ഗീസ് |
| ലൈബ്രേറിയൻ | - | ഡോൺ ബേബി |
| സ്പോർ. മാനേജർ | - | റോബിൻ.കെ. രാജു |

## യുവദീപ്തി ത്രൈമാസിക

| | | |
|---|---|---|
| ഉപദേശകസമിതി | - | ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത<br>ഫാ. സ്റ്റീഫൻ വർഗ്ഗീസ്, സ്റ്റീഫൻ വില്ല<br>ചാക്കോ വർഗ്ഗീസ്, കോട്ടൂർ റോസ് മൗണ്ട് |
| രക്ഷാധികാരി | - | ഫാ. ജോൺപോൾ, പുൽപ്രക്കുഴിയിൽ |
| ചീഫ് എഡിറ്റർ | - | വിവേക് വർഗ്ഗീസ് |
| സർക്കുലേഷൻ മാനേജർ | - | ജോജി ജോർജ്ജ് |

## ബോർഡ് അംഗങ്ങൾ

സന്തോഷ് ഡാനിയേൽ
സോജി വർഗ്ഗീസ്
എബി വർഗ്ഗീസ്
സാംസൺ സാമുവേൽ
അനൂപ്.കെ. ബാബു
ബ്ലസൺ വർഗ്ഗീസ്



എഡിറ്റോറിയൽ



# നിറം മങ്ങിയ കുടകൾ....

**കു**ടകൾ എപ്പോഴും രക്ഷാകവചങ്ങളാണ്. പൊരിവെയിലിന്റെയും പെരുമഴയുടെയും കാഠിന്യത്തെയകറ്റി സുഖവും ആശ്വാസവും പ്രദാനം ചെയ്യുന്ന ഒരാവരണം. അഭയം പ്രാപിക്കുന്നവരുടെ സംരക്ഷണമേറ്റെടുക്കുന്ന കുടകൾ അവരുടെ സംരക്ഷണം ഉറപ്പാക്കുന്നു. കാലത്തിന്റെ പ്രയാണത്തിൽ ഈ കുടകൾക്ക് നിറം മങ്ങുകയും ശക്തി കുറയുകയും സൗന്ദര്യത്തിന് കോട്ടം തട്ടുകയും ചെയ്യാറുണ്ട്. ആ സമയം നമ്മിൽ ചിലർ ഈ കുടകളെ ഉപേക്ഷിക്കും, മറ്റു ചിലർ മറക്കും, മറ്റു ചിലർ മറന്നതായി നടിക്കും, ധാരാളം പേർ അവയെ പാഴ്‌വസ്തുക്കളുടെ കൂട്ടത്തിലേക്ക് തള്ളും.

ഓരോ മാതാപിതാക്കളും ഓരോ കുടകളാണ്. സ്നേഹമെന്ന കുടയുമായി പരിരക്ഷയേകിയവർ. ജീവിതയാത്രയിലുടനീളം മറ്റുള്ളവർക്കായി വെയിലും മഴയുമേറ്റ് ജീവിച്ച് നിറം മങ്ങിയ ഇവരെ ഉത്തരാധുനിക സമൂഹം പാഴ്‌വസ്തുക്കളുടെ ഗണത്തിലേക്ക് തള്ളുന്നു.

'മാതാപിതാഗുരുദൈവം'മെന്ന് പ്രകീർത്തിക്കുന്ന വേദങ്ങളുടെ മഹത്തായ സംസ്കാരത്തിന്റെ ഉടമകളായ നാം മാതാപിതാക്കളിലെ ദൈവീകസാന്നിദ്ധ്യം ദർശിക്കണം. നമ്മെ ജീവിക്കുവാൻ പഠിപ്പിച്ചതും വളർത്തിയതും ഇവരാണെന്നുള്ള സത്യം നാം വിസ്മരിക്കരുത്.

ലോകവാർദ്ധക്യദിനത്തോടനുബന്ധിച്ച് വാർദ്ധക്യമെന്ന വിഷയം മുഖ്യപ്രമേയമാക്കുന്ന യുവദീപ്തി പ്രസിദ്ധീകരിക്കുവാനാകുന്നതിൽ സന്തോഷമുണ്ട്. കൂടുതൽ ചിന്തക്കും ചർച്ചകൾക്കും ഇതൊരു പ്രേരണയാകുമെന്ന് പ്രത്യാശിക്കുന്നു.

ഈ പതിപ്പിനു വേണ്ടി സഹകരിച്ച ഏവരേയും ഹൃദയപൂർവ്വം സ്മരിക്കുന്നു. ഇതിനെ സാദ്ധ്യമാക്കിയ സർവ്വശക്തന് നന്ദിയർപ്പിച്ചുകൊണ്ട് യുവദീപ്തി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**വിവേക് വർഗ്ഗീസ് കൊല്ലംപറമ്പിൽ**
ചീഫ് എഡിറ്റർ.

കുടശ്ശനാട്,
01.10.08

## അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്തായ്ക്ക് **യുവദീപ്തി** യുടെ സപ്തതി മംഗളങ്ങൾ



## മലങ്കരസഭയുടെ പുതിയ ഇടയന്മാർക്ക് **യുവദീപ്തി** യുടെ മംഗളാശംസകൾ



റവ. എൽദോ റമ്പാൻ



റവ. ക്രിസ്റ്റഫോറസ് റമ്പാൻ



റവ. ഡോ. മർക്കോസ് ജോസഫ്



റവ. സ്റ്റീഫൻ ഒ.ഐ.സി.



റവ. ഡോ. മാത്യു ബേബി



റവ. ഡോ. ജോൺ പണിക്കർ



റവ. ഡോ. അലക്സ് ദാനിയേൽ

# പ്രസിഡന്റിന്റെ കുറിപ്പുകൾ



കർത്താവിൽ പ്രിയ യുവതീയുവാക്കളെ,

നമ്മുടെ പള്ളിഭാഗം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലുള്ള "**യുവദീപ്തി**" ത്രൈമാസിക പ്രസിദ്ധീകരിക്കുന്നുവെന്നതിൽ നമുക്ക് സന്തോഷിക്കാം. ഇതിന്റെ അണിയറ ശിൽപികളെ അഭിനന്ദിക്കുന്നു.

2007-08-ലെ മലങ്കരസഭയിലെ ബെസ്റ്റ് യൂണിറ്റ് ആയി പള്ളിഭാഗം യുവജനപ്രസ്ഥാനവും ബെസ്റ്റ് യൂണിറ്റ് സെക്രട്ടറി ആയി ശ്രീ. ജോജി ജോർജ്ജ് മുകളുംപുറവും നേട്ടങ്ങൾ കൈവരിച്ചതിൽ നിങ്ങളെ അനുമോദിക്കുകയും നിങ്ങളോടൊപ്പം ഞാനും സന്തോഷിക്കയും ചെയ്യുന്നു.

ഒരു വൃക്ഷത്തെ നാം ശ്രദ്ധിക്കണമെങ്കിൽ അതിൽ ഒരു പൂവോ, കായോ, അല്ലെങ്കിൽ കാതലുള്ള തടിയോ ഉണ്ടായിരിക്കണം. പൂക്കളോ, കാതലോ, ഫലങ്ങളോ ഇല്ലാത്ത മരങ്ങളെ "പാഴ്മരങ്ങൾ" എന്നും വിളിക്കാറുണ്ട്. വളരെ വാർദ്ധക്യത്തിലായ മാതാപിതാക്കൾ, ആരോഗ്യമില്ലാത്ത സഹോദരങ്ങൾ, വിരൂപരായിരിക്കുന്ന സഹോദരികൾ എന്നിവരെ പാഴ്മരങ്ങളായി കാണുന്നവരുടെ എണ്ണം നമ്മുടെ ഇടയിൽ വർദ്ധിച്ചുവരുന്നു. കണ്ണു തുറന്നിരിക്കുന്നുവെങ്കിലും അന്ധരായിട്ടുള്ളവർ.

നമ്മുടെ കർത്താവ് അന്ധനായിരിക്കുന്നവന്റെ കണ്ണുകളെ തൊട്ടപ്പോൾ ആ അന്ധനു കാഴ്ച ലഭിച്ചു. അവൻ എല്ലാം വ്യക്തമായി കണ്ടുതുടങ്ങി. ദൈവരാജ്യം എന്നത് ദൈവാനുഭവങ്ങളുടെ പൂർണ്ണതയാണ്. ദൈവരാജ്യത്തിലേക്കു പ്രവേശിക്കുക എന്നാൽ ഉള്ളിലേക്ക് കടന്നുവരിക എന്നാണ് യേശു ഉദ്ദേശിക്കുന്നത്. (You must be converted and become like child) നിങ്ങൾ തിരിഞ്ഞു ശിശുക്കളെപോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല. (വി. മത്തായി 18:2)

ദൈവരാജ്യപ്രവേശനത്തിനാവശ്യമായ ആത്മീയ മാനദണ്ഡങ്ങൾ നാം അറിഞ്ഞ് അവയെ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഉൾപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്.

എത്രനാൾ ഈ ലോകത്തു ജീവിച്ചു എന്നതിലല്ല എങ്ങനെ ജീവിച്ചു എന്നതാണ് ജീവിതത്തെ അർത്ഥവത്താക്കുന്നത്. ശെമവൂൻ ദൈവത്തെ ദർശിച്ചതു പോലെയും, വെള്ളം കോരുവാൻ വന്ന സ്ത്രീ കർത്താവിനെ കണ്ടെത്തിയതുപോലെയും, വി. തോമാശ്ലീഹായുടെ വിരലുകൾ ദൈവദർശനത്തിന്റെ മഹത്വം അനുഭവിച്ചറിഞ്ഞതുപോലെയും, അന്വേഷണങ്ങളിലൂടെയും അലച്ചിലുകളിലൂടെയും ആകസ്മികമായി വന്നു ചേരുന്ന അനുഭവങ്ങളിലൂടെയും ക്രിസ്തുസ്നേഹത്തെ നാം തിരിച്ചറിയണം. യോവേൽ 2:12, 13 വാക്യങ്ങൾ ശ്രദ്ധിക്കുക.

"എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ ഹൃദയത്തോടും ഉപവാസത്തോടും കൂടെ എന്നിലേക്കു തിരിയുവിൻ എന്ന് യഹോവയുടെ അരുളപ്പാട് വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ.

അതേ യൗവ്വനത്തിൽ അനുതാപത്തോടെ കർത്തൃസന്നിധിയിൽ അടുത്തു വന്നു ദൈവമുഖം ദർശിപ്പാൻ നമുക്കു ശ്രമിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

കർതൃശുശ്രൂഷയിൽ

നിങ്ങളുടെ
**ജോൺപോളച്ചൻ**

ലേഖനം

# വാർദ്ധക്യം ഒരു പ്രശ്നമേയല്ല

ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ



ആംഗലേയകവി റോബർട്ട് ബ്രൗണിംഗിന്റെ സുപ്രസിദ്ധമായി കവിതയിൽ ഒരു ഭാഗത്ത് അദ്ദേഹം ഇങ്ങനെ എഴുതി :

"Grow old along with me. the least is yet to be the last of life for which the first was made" (Browning : Rabbi Ben Ezra) പ്രായമായി വരിക, ഏറ്റവും നല്ല കാലം ഇനിയും വരാനുള്ളതാണ്. ജീവിതത്തിന്റെ ആദ്യഘട്ടം അവസാനഘട്ടത്തിനുവേണ്ടിയാണ് എന്ന ആശയമാണ് അദ്ദേഹം അവതരിപ്പിച്ചത്. അത് ഇന്നു കേരളത്തിൽ എത്ര മാതാപിതാക്കൾക്കു പറയാൻ കഴിയും ? ഏതാന്തതയിൽ കഴിയുന്ന വയോധികരായ മാതാപിതാക്കളുടെ എണ്ണം ഇവിടെ വർദ്ധിച്ചുവരികയാണ്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധമാണ് ഏറ്റവും വലിയ സ്വാഭാവികമായ ബന്ധം. അതുകൊണ്ടിയിരിക്കണമല്ലോ മാതാപിതാക്കളെ ബഹുമാനിക്കണമെന്ന അടിസ്ഥാനകല്പന നമുക്ക് നല്കപ്പെട്ടത്. 'ബഹുമാനിക്കുക' എന്നുപറയുന്നത് ഈ ആദരവു കാട്ടുന്നതിൽ ഒതുങ്ങി നിൽക്കുന്നതല്ലെന്നും നമുക്കറിയാം. ഇതൊരു അടിസ്ഥാനപരമായ ബന്ധമായതുകൊണ്ട് അത് ലോലമായിത്തീരുന്നത് വയോധികരായ മാതാപിതാക്കൾക്ക് എളുപ്പം സഹിക്കാവുന്നതല്ല. പഴയ ഒരു ചൊല്ലുണ്ടല്ലോ. മാതാപിതാക്കൾ മക്കളോടുള്ള സ്നേഹം മക്കൾക്കു മാതാപിതാക്കളോട് ഉണ്ടാകുമെങ്കിൽ താഴോട്ടൊഴുകുന്ന നദി മുകളിലേയ്ക്ക് ഒഴുകും എന്ന്. ഇതു പൂർണ്ണമായും ശരിയെന്നു പറയുകയില്ല. കുടുംബത്തിലെ തകർച്ച മിക്കവാറും മാതാപിതാക്കളിലായിരിക്കും ഏറെ ആഘാതമേല്പിക്കുക.

സ്നേഹം അനുഭവിക്കാനാണ് ഏകാന്തതയിൽ കഴിയുന്ന മാതാപിതാക്കൾ സ്വാഭാവികമായി ആഗ്രഹിക്കുന്നത്. സ്നേഹിക്കുന്നവരുടെ സാന്നിദ്ധ്യം, അവരുമായുള്ള സമ്പർക്കം, അവരുടെ ശ്രദ്ധ ഇതെല്ലാമാണ് അവർക്ക് ആവശ്യം. പേരക്കിടാങ്ങളുടെ സാന്നിദ്ധ്യവും അവരുടെ സന്തോഷത്തിനു മാറ്റുകൂട്ടുന്ന പാരമ്പര്യമാണ് നമ്മുടെ കുടുംബങ്ങളിലുണ്ടായിരുന്നത്. പക്ഷേ മക്കളും മക്കളുടെ മക്കളും അകലത്താകുമ്പോൾ ഇതൊന്നും അനുഭവിക്കാൻ സാധിക്കില്ലല്ലോ. ഇത് ഏകാന്തതയെ കടുപ്പമുള്ളതാക്കിത്തീർക്കുകയാണ് സമകാലികർ കടന്നുപോകുന്നതും പ്രായത്തിന്റേതായ ബലഹീനതകൾ വർദ്ധിക്കുന്നതും രോഗങ്ങളും അയൽപക്കബന്ധങ്ങൾ പോലും കുറയുന്നതും ഏകാന്തതയ്ക്ക് മൂർച്ചകൂട്ടുന്നു.

ഇതിനെല്ലാം മക്കൾ ഉത്തരവാദികളാണെന്നല്ല പറഞ്ഞുവരുന്നത്. നാട്ടിൽ ജോലിസാദ്ധ്യത കുറവാണല്ലോ. ഇവിടെ വ്യവസായവും സേവനരംഗവുമൊന്നും വളരാൻ അനുവദിക്കില്ലല്ലോ. കഴിയുന്നിടത്തോളം സമ്പർക്കം പുലർത്തുന്നതിനൊപ്പം, മക്കളുടെ ചിന്തയിൽ മാതാപിതാക്കൾ എന്നുമുണ്ട് എന്നറിയിക്കാനായി പ്രധാനപ്പെട്ട അവസരങ്ങളിലെ ഫോട്ടോകൾ അയച്ചുകൊടുക്കുകയും വാർത്തകൾ കൈമാറുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്.

വയോധികരായ മാതാപിതാക്കൾ അയൽക്കാരുമായി നല്ല ബന്ധം പുലർത്താനും ഇടവകജീവിതത്തിൽ കഴിയുന്നത്ര പങ്കുചേരാനും ശ്രദ്ധിക്കണം. മറ്റുള്ളവരെ കാണാനും സംസാരിക്കാനും കൂടുതൽ സമയം കണ്ടെത്തണം. മറ്റുള്ളവർ തങ്ങളോടു ചെയ്യണമെന്നാഗ്രഹിക്കുന്നത് അവർ മറ്റുള്ളവർക്കു ചെയ്യണം. പരാർത്ഥമായി പ്രവർത്തിക്കുമ്പോഴാണ് നമുക്ക് കൂടുതൽ സംതൃപ്തി ഉണ്ടാകുന്നത്. മറ്റുള്ളവരിലെ നന്മ കാണാനുള്ള താത്പര്യവും വളർത്തിയെടുക്കണം. അത് മനഃശാന്തിക്കു സഹായകമാകും. കഴിവിനനുസരിച്ച് പാവങ്ങളെ സഹായിക്കാനും താത്പര്യമെടുക്കണം. അങ്ങനെ മാനുഷികബന്ധങ്ങളുടെ ഒരു ശൃംഖല സൃഷ്ടിക്കാൻ കഴിഞ്ഞാൽ മാതാപിതാക്കളുടെ ഏകാന്തതയ്ക്ക് ഒരു പരിധിവരെ പരിഹാരമാകും.

മക്കൾ മാതാപിതാക്കളുടെ ബുദ്ധിമുട്ടു മനസിലാക്കി സഹകരിക്കാനാണ് ശ്രദ്ധിക്കേണ്ടത്. പരസ്പരധാരണയുടെയും സ്നേഹത്തിന്റെയും അടിസ്ഥാനത്തിൽ ബന്ധങ്ങൾ ഭദ്രമാക്കാനും സംതൃപ്തി വളർത്താനും കൂട്ടായി ശ്രമിച്ചേ തീരൂ.

എല്ലാറ്റിലുമുപരിയായി മാതാപിതാക്കൾ ദൈവപരിപാലനയിൽ ആശ്രയിക്കുന്നവരാകണം. മനുഷ്യനിലുള്ള ആശ്രയത്തിന് പരിമിതികളുണ്ട്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിന്റെ ഭദ്രത ഉറപ്പാകാൻ ഇരുക്കൂട്ടരും ചെയ്യേണ്ടതു ദൈവഹിതം മനസിലാക്കി ജീവിതം ക്രമീകരിക്കുക എന്നുള്ളതാണ്. ദൈവത്തെ കൂടാതെ മനുഷ്യജീവിതം ക്രമീകരിക്കാനോ ബന്ധങ്ങൾ ഭദ്രമാക്കാനോ എളുപ്പമല്ല. വാർദ്ധക്യകാലത്തെ പ്രശ്നങ്ങളുടെ പരിഹാരത്തിന് ദൈവചിന്ത ആഴപ്പെടുത്തുകയാണ് ഉചിതമായ വഴി.

കൗദാശിക പഠനം

# വി. മൂറോനഭിഷേകം വി. വേദാനുസൃതം

ഫാ. ഡോ. എം. ജോൺ പണിക്കർ



ഓർത്തഡോക്സ് സഭയിൽ വി. മൂറോനഭിഷേകം പരിശുദ്ധാത്മാവിന്റെ കൂദാശയാണ്. പ്രൊട്ടസ്റ്റന്റുകാരും പെന്തക്കോസ്തുകാരും മൂറോനഭിഷേകത്തിന്റെ വേദപുസ്താകടിസ്ഥാനം സംബന്ധിച്ച് ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്. അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുക എന്നതു മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

മൂറോൻ എന്ന വാക്കിന് സുഗന്ധതൈലം എന്നാണർത്ഥം. ഈ അർത്ഥത്തിൽ 14 തവണ മൂറോൻ എന്ന വാക്ക് പുതിയ നിയമത്തിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട് (ലൂക്കോ. 7:37–38, 46; മർക്കോ 14:3; മത്തായി 26:7; യോഹ. 11:2, 12:3, 5 എന്നിവ വായിക്കുക) പാപിനിയായ ഒരു സ്ത്രീ കർത്താവിനെ അഭിഷേകം ചെയ്തത് 'മൂറോൻ' കൊണ്ടാണെന്ന് ഗ്രീക്കുഭാഷയിലുള്ള പുതിയനിയമത്തിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

അഭിഷേകത്തെക്കുറിച്ച് പുതിയ നിയമത്തിലുള്ള പരാമർശങ്ങൾ പഴയനിയമ വെളിച്ചത്തിൽ കൂടുതൽ മനസ്സിലാക്കാം. പഴയനിയമകാലത്ത് രാജാവിനെയും പ്രവാചകനെയും പുരോഹിതനെയും എണ്ണകൊണ്ട് അഭിഷേകം ചെയ്തിരുന്നു. അഭിഷിക്തൻ ദൈവവേലയ്ക്കായി വേർതിരിക്കപ്പെട്ടിരിക്കുന്നു എന്ന അർത്ഥത്തിലാണ് ഇത് നടത്തിയിരുന്നത്.

പഴയനിയമത്തിൽ മതപരമായ അഭിഷേകങ്ങൾക്ക് ഉപയോഗിച്ചിരുന്ന തൈലത്തിന് 'വിശുദ്ധ അഭിഷേകതൈലം' എന്നാണ് പേരു വിളിച്ചിരുന്നത്. അതുണ്ടാക്കുന്ന വിധത്തെക്കുറിച്ച് പുറപ്പാട് 30:22–25ൽ പരാമർശം ഉണ്ട്. സമാഗമനകൂടാരവും സാക്ഷ്യപെട്ടകവും മേശയും അതിന്റെ ഉപകരണങ്ങളൊക്കെയും വിശുദ്ധ അഭിഷേക തൈലത്താൽ അഭിഷേകം ചെയ്ത് വിശുദ്ധീകരിക്കണമെന്ന് മോശയോടുള്ള ദൈവത്തിന്റെ കല്പന ആയിരുന്നു.

പുരോഹിതന്മാരെ അഭിഷേകം ചെയ്ത് ശുദ്ധീകരിക്കുന്നതിനായി പുറപ്പാട് 30:30–ൽ പറയുന്നു. ദൈവത്തെ സമീപിക്കുവാൻ വിശുദ്ധീകരിക്കപ്പെടണം എന്ന ചിന്തയിലാണ് പുരോഹിതന്മാരെ അഭിഷേകിച്ചിരുന്നത് (ലേവ്യ 8:12; പുറപ്പാട് 28:41; സംഖ്യ 3:3).

രാജാക്കന്മാരുടെ അഭിഷേകം മറ്റൊരു പ്രധാന വസ്തുതതയാണ്. അഭിഷേകതൈലം പരിശുദ്ധാത്മവാഹിയായാൽ അഭിഷേകം ചെയ്യപ്പെടുന്ന രാജാവിൽ യഹോവയുടെ ആത്മാവ് വസിക്കും എന്നായിരുന്നു പ്രധാന ചിന്ത (1 ശമുവേൽ 16:13; സങ്കീർത്തനങ്ങൾ 89:20–23; സങ്കീർത്തനം 132:17–18). അഭിഷേകത്തിലൂടെ യഹോവയുടെ ആത്മാവിൽ ദാവീദ് രാജാവിന് ശക്തിയും, ശത്രുക്കളുടെ മേൽ വിജയവും നൽകിയിരിക്കുന്നു. ശൗലിനും അഭിഷേകത്താൽ യഹോവയുടെ ആത്മാവിനെ ലഭിക്കുകയും അദ്ദേഹം പ്രവചിക്കുകയും ചെയ്തിരുന്നു (ശമുവേൽ 10:6, 10) എന്നാൽ അനുസരണക്കേടു നിമിത്തം യഹോവയുടെ ആത്മാവ് ശൗലിനെ വിട്ടുമാറി (1 ശമുവേൽ 19:14) അറിയാമായിരുന്ന ദാവീദിന്റെ പ്രാർത്ഥന ശ്രദ്ധേയമാണ്: "നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കരുതേ" (സങ്കീ. 51:12). സുഗന്ധതൈലം കൊണ്ടുള്ള അഭിഷേകംമൂലം തനിക്കു ലഭിച്ച പരിശുദ്ധാത്മാവിനെ, തന്റെ പാപം നിമിത്തം എടുത്തുകളയരുതെന്നാണ് ദാവീദ് പ്രാർത്ഥിക്കുന്നത്.

പ്രവാചകന്മാരെ അഭിഷേകം ചെയ്യുന്നതിനെക്കുറിച്ച് ചില സൂചനകൾ പഴയ നിയമത്തിൽ നൽകുന്നുണ്ട്. 1 രാജാ. 19:16–ൽ "സാഫാത്തിന്റെ മകനായ ഏലിശായെ നിനക്കു പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്യണമെന്ന് ദൈവം ഏലിയാവിനോട് കല്പിച്ചു. 1 ദിന വൃത്താന്തം 16:22; സങ്കീർത്തനം 105:15; "എന്റെ അഭിഷിക്തന്മാരെ തൊടരുത്" എന്റെ പ്രവാചകന്മാരും അഭിഷേകം ചെയ്യപ്പെട്ടിരുന്നു എന്നാണ് മനസ്സിലാക്കുന്നത്.

### യേശുക്രിസ്തുവിന്റെ അഭിഷേകം

'ക്രിസ്തു' എന്ന ഗ്രീക്കു പദത്തിനും 'മശിഹാ' എന്ന എബ്രായ പദത്തിനും 'അഭിഷിക്തൻ' എന്നാണർത്ഥം. യഹോവയുടെ ആത്മാവിനാൽ അഭിഷേകം പ്രാപിച്ച് യിസ്രായേലിനെ ഭരിക്കുന്ന മശിഹാ രാജാവിനെയാണ് ഇവിടെ അഭിഷിക്തൻ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. യെശയ്യാ. 6:1:1–ൽ എളിയവരോട് സദ്വർത്തമാനം

ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കകൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഇരിക്കുന്നു" എന്നെഴുതിയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു ഈ വേദഭാഗം വായിച്ചിട്ടാണ് തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത് എന്ന് പുതിയ നിയമം സാക്ഷിക്കുന്നു (ലൂക്കോസ് 4:18).

പഴയനിയമ അഭിഷേകങ്ങൾ ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്നതിനാൽ ക്രിസ്തുവാകുന്ന അഭിഷിക്തന്മാരെ കാണാവുന്നതാണ്. കർത്താവിനു മുമ്പുള്ള എല്ലാ അഭിഷേകങ്ങളും നീങ്ങിപ്പോയി എന്ന അർത്ഥം ഇവിടെ ഇല്ല; പിന്നെയോ അവയുടെ പൂർത്തീകരണവും പൂർണ്ണതയും ക്രിസ്തുവാകുന്ന അഭിഷിക്തനിൽ ദർശിക്കാം. യോർദ്ദാനിൽ കർത്താവിന്റെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങിയതിനെ അഭിഷേകമായിട്ടാണ് (മത്തായി 3:16-17; മർക്കോസ്, 1:10-11; ലൂക്കോസ് 3:21-22; യോഹ. 1:31-32) പിതാക്കന്മാർ വ്യാഖ്യാനിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ സുന്നഗോഗിലെ വായനയും (ലൂക്കോസ് 4:18) ഇതുതന്നെ വ്യക്തമാക്കുന്നു. അപ്പോസ്തോല പ്രവൃത്തികളിലും ഇത് ആവർത്തിച്ചു പറയുന്നു. (അപ്പോ. പ്രവൃ. 4:26-27; 10:38; എബ്രായ 1:3) യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ വി. മാമോദീസായോടുകൂടി അതായത് പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടുകൂടി ആരംഭിക്കുന്നു എന്നത് ശ്രദ്ധേയമാണ്. സാക്ഷാൽ മശിഹാ ആകുന്ന താൻ ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തനം നടത്തുന്നതിനും, സദ്വാർത്ത അറിയിക്കുന്നതിനും ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നു എന്നാണ് യേശുവിന്റെ അഭിഷേകത്തിന്റെ അർത്ഥം. ദൈവപുത്രനായ തനിക്ക് പ്രത്യേകം അഭിഷേകത്തിന്റെ ആവശ്യമില്ലെങ്കിലും ലോകത്തിന് ഒരു അടയാളമായിട്ടാണ് മശിഹാ അഭിഷിക്തനായത്. അതായത് യേശുക്രിസ്തു നിത്യനായ അഭിഷിക്തനാകുന്നുവെങ്കിലും ലോകത്തിനു മുന്നിലുള്ള ഒരു വെളിപാടായിട്ടുവേണം യോർദ്ദാനിൽ വച്ച് പരിശുദ്ധാത്മാവ് ഇറങ്ങിയതിനെ ദർശിക്കേണ്ടത്.

യേശുവിന്റെ പരസ്യശുശ്രൂഷയിലുടനീളം പരിശുദ്ധാത്മ ബന്ധം വി. വേദപുസ്തകം എടുത്തു കാട്ടുന്നുണ്ട്. "യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാനിൽ നിന്നു മടങ്ങി (ലൂക്കോ. 4:1) പരിശുദ്ധാത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി (4:2) പരിശോധനകൾക്കു ശേഷം യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്കു മടങ്ങിച്ചെന്നു" (ലൂക്കോ. 4:14) ദൈവാത്മാവിനാൽ കർത്താവ് ഭൂതങ്ങളെ പുറത്താക്കി (മത്തായി 12:28) ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷനായി പരിശുദ്ധാത്മാവിനെ അവർക്കു നൽകി (യോഹന്നാൻ 20:22-23). ക്രിസ്തു ദൈവത്തിന്റെ അഭിഷിക്തനാണ്. പരിശുദ്ധാത്മാവ് ഒരു അഭിഷേകമായി പുത്രനിൽ വസിക്കുന്നു. ആ പരിശുദ്ധാത്മാവ് നിത്യമായി (അഭിഷിക്തനും അഭിഷേകവും) തമ്മിലുള്ള ബന്ധമാണ് യോർദ്ദാനിൽ വെളിപ്പെട്ടത്.

**ക്രിസ്തുവിന്റെ അഭിഷേകവും ക്രിസ്ത്യാനികളുടെ അഭിഷേകവും**

മാമോദീസായിലൂടെ ക്രിസ്തുവിൽ ആകുന്നവർക്ക്, ക്രിസ്തുവിലുള്ള നിത്യാഭിഷേകമായ പരിശുദ്ധാത്മാവിനെ ലഭിക്കുന്നു. "ക്രിസ്തുവിന്റെ അഭിഷേകം ഓരോ വിശ്വാസിയിലേക്കും അവന്റെ അഭിഷേകമായി വ്യാപിക്കുന്നു. "നിങ്ങളോ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു" എന്നാണ് യോഹന്നാൻ ശ്ലീഹാ പറയുന്നത് (1 യോഹ. 2:20; 1 യോഹ. 2:27) അഭിഷേകമായി ലഭിച്ച പരിശുദ്ധാത്മാവ് ഓരോ വിശ്വാസിയിലും വസിച്ച് അവന് / അവൾക്ക് സത്യത്തിന്റെ മാർഗ്ഗം ഉപദേശിച്ചു നൽകുന്നു (യോഹ. 14:26) ക്രിസ്തുവിലാകുന്ന വിശ്വാസിയിൽ പരിശുദ്ധാത്മാവ് അഭിഷേകമായി വസിച്ച് അയാൾക്ക് എല്ലാ കൃപയും വിശുദ്ധിയും പ്രദാനം ചെയ്യുന്നു.

**വി. മൂറോനഭിഷേകം കൂദാശയാണ്**

പൗരസ്ത്യ സഭാ പാരമ്പര്യത്തിൽ മാമോദീസായും വി. മൂറോനഭിഷേകവും ഏക കൂദാശയായിട്ടാണ് നടത്തിവരുന്നത്. ഒന്ന് യേശുക്രിസ്തുവിനോടു പ്രത്യേകം ബന്ധപ്പെടുത്തിയതും മറ്റൊന്ന് പരിശുദ്ധാത്മാവിനോട് പ്രത്യേകം ബന്ധപ്പെടുത്തിയതും നടത്തപ്പെടുന്നു. പാശ്ചാത്യ പാരമ്പര്യത്തിൽ ഇവയെവേറെ വേറെ കൂദാശകളായിട്ടാണ് കരുതപ്പെടുന്നത്. മാമോദീസാ ഏൽക്കുന്ന ശിശുവിന് മൂറോനഭിഷേകം നൽകുന്നതിന് സ്ഥിരീകരണം എന്നാണ് പാശ്ചാത്യർ വിളിക്കുന്നത്. സാധാരണ ഗതിയിൽ കുട്ടിക്ക് പന്ത്രണ്ടോ പതിമൂന്നോ വയസ്സാകമ്പോൾ ബിഷപ്പ് തന്നെയാണ് സ്ഥിരീകരണം (Confirmation) നടത്തുന്നത്. റോമൻ കാത്തോലിക്കാ സഭയിലും ചില നവീകരണ സഭകളിലുമാണ് ഈ രീതിയിൽ കാണപ്പെടുന്നത്. സ്ഥിരീക

രണത്തിനു ശേഷമേ വി. കുർബ്ബാനാനുഭവത്തിൽ കുട്ടിയെ പങ്കാളിയാക്കുന്നു. ഇതാണ് പുരാതന സഭയുടെ രീതി. ആധുനിക എക്യൂമിനിക്കൽ സംവാദങ്ങളുടെ ഫലമായി ഓർത്തഡോക്സ് രീതിയാണ് ശരിയായതെന്ന് പാശ്ചാത്യർക്ക് മനസ്സിലായിട്ടുണ്ട്. ഓർത്തഡോക്സ് സഭയിൽ വി. മൂറോനഭിഷേകത്തിന്റെ അർത്ഥം ഇപ്രകാരം സംഗ്രിക്കാം.

**i) വിശുദ്ധമായ മുദ്ര**

വളരെ ദീർഘമായ ഒരുക്കങ്ങൾക്കുശേഷം പ്രത്യേകമായി തയ്യാറക്കപ്പെട്ട വാഴ്ത്തപ്പെടുന്ന സുഗന്ധതൈലമാണ് മൂറോനഭിഷേകത്തിനായി ഉപയോഗിക്കപ്പെടുന്നത്. മാമോദീസായ്ക്കു മുമ്പായി പരിശുദ്ധാത്മവാസത്തിന്റെ പ്രതീകമെന്ന നിലയിൽ വി. മൂറോൻ വെള്ളത്തിൽ ഒഴിക്കുന്നുണ്ട്. മാമോദീസായ്ക്കുശേഷം മൂറോൻകൊണ്ട് നെറ്റിയിൽ മുദ്രയിടുകയെന്നത് അതിപുരാതനമായ ആചാരമാണ്. മൂറോനഭിഷേകത്തിന് മുദ്രയെന്നാണ് വിളിക്കപ്പെടുന്നത് (1 കൊരി 1:12-22: എഫേസ്യ. 1:14; 4:30; വെളിപ്പാട് 7:3) പരിശുദ്ധാത്മാവിന്റെ മുദ്രമൂലം മാമോദീസ് ഏൽക്കുന്ന ആൾ ക്രിസ്തുവിന്റ വകയായി തീരുന്നു. 'ഞാൻ ക്രിസ്തുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു' (ഗലാത്യ. 6:17) എന്ന പൗലോസ് ശ്ലീഹായുടെ വചനം ഇതായിരിക്കാം സൂചിപ്പിക്കുന്നത്. വി. മൂറോൻ സത്യവിശ്വാസത്തിന്റെ മുദ്രകൂടിയാണ്. വിശ്വാസം പരിശുദ്ധാത്മകൃപയിൽ ആശ്രയിച്ച് വിശ്വസത്തിൽ വളരാത്തവർ സെക്റ്റേറിയൻ സംഘടനകളുടെ പിന്നാലെ പോകുന്നു എന്നതാണ് ശരി.

**ii) മശിഹായുടെ പരിമള വാസന**

മൂറോൻ എന്ന വാക്കിന് സുഗന്ധതൈലമെന്നാണർത്ഥം. സുഗന്ധം ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്. ഉത്തമഗീതത്തിൽ മണവാളനുവേണ്ടി സ്നേഹപൂർവ്വം കാത്തിരിക്കുന്ന മണവാട്ടിയെക്കുറിച്ചുള്ള പരാമർശം ഉണ്ട്. മണവാളൻ ക്രിസ്തുവാണ്. അവൻ അദൃശ്യനായി നിലകൊള്ളുന്നു. മണവാട്ടിയാകുന്ന സഭ അവന്റെ സാന്നിദ്ധ്യം അറിയുന്നത് അവനിൽ നിന്ന് ഉയർന്നുവരുന്ന പരിമളവാസനയിൽക്കൂടിയാണ്. "നിന്റെ തൈലം സൗരഭ്യമായത്; നിന്റെ നാമം പകർന്ന തൈലം പോലെ ഇരിക്കുന്നു" (ഉത്തമഗീതം 1:2, എഫേസ്യ. 5:22-23 വരെ വായിക്കുക.) അദൃശ്യനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഒരു സുഗന്ധം പോലെ സഭയിലുള്ളതുകൊണ്ട് ഓരോ വിശ്വാസിയും ക്രിസ്തുവാകുന്ന സുഗന്ധവാഹിയായി മാറുന്നു. "രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിനു ക്രിസ്തുവിന്റെ സൗരഭ്യവാസനയാകുന്നു" (2 കൊരി. 2:15). ക്രിസ്തുവാകുന്ന സൗരഭ്യവാസന ഓരോ വിശ്വാസിക്കും ലഭിക്കുന്നത് പരിശുദ്ധാത്മാഭിഷേകമായ വി. മൂറോനഭിഷേകത്തിലൂടെയാണ്.

**iii) പൗരോഹിത്യാഭിഷേകം**

മശിഹായുടെ പരിമളവാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മനൽവരത്തിന്റെ പൂർത്തീകരണവുമായ മുറോനാൽ മുദ്രയിടപ്പെടുന്നുവെന്നാണ് മാമോദീസാ ക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ത്രിത്വനാമത്തിൽ നെറ്റിയിൽ മുദ്രയിട്ടശേഷം ശരീരം മുഴുവൻ തൈലം കൊണ്ട് അഭിഷേകം ചെയ്യുന്ന രീതിയാണുള്ളത്. കർത്താവിനെയും സഭയുടെയും പൗരോഹിത്യത്തിലേക്ക് സ്നാനം ഏൽക്കുന്ന ആളിനെ ഉപനയിക്കുകയാണിവിടെ ചെയ്യുന്നത്. പുരുഷനെന്നോ സ്ത്രീയെന്നോ ഇവിടെ വ്യത്യാസം ഇല്ല. ഒരിക്കലായി നൽകപ്പെടുന്ന അഭിഷേകമാകയാൽ പ്രത്യേക പൗരോഹിത്യം നൽകുമ്പോൾ പോലും കൈവപ്പല്ലാതെ പിന്നീട് മൂറോനാൽ അഭിഷേകം നൽകുകയില്ല. സഭയുടെ പൊതു പൗരോഹിത്യത്തിൽ പുരുഷനും സ്ത്രീയും ഉൾപ്പെട്ട എല്ലാ വിശ്വാസികളും അംഗങ്ങളാണെന്ന് ഇവിടെ വ്യക്തമാക്കുന്നത്.

iv) തിന്മയുടെ ശക്തികളെ ചെറുത്തു നിൽക്കുക എന്നതിനുള്ള കഴിവും മൂറോനഭിഷേകത്തിലൂടെയാണ് ലഭിക്കുന്നത്. യേഹുരാജാവ് അഭിഷേകത്തിലൂടെ തിന്മയുടെ പ്രതീകമായ ആഹാബിന്റെ ഭവനത്തെ നശിപ്പിക്കുവാനുള്ള ശക്തി നേടിയതായി 2 രാജാ. 9:10-ൽ പറയുന്നു. ക്രൈസ്തവ ജീവിതം തിന്മയോടുള്ള നിരന്തര പോരാട്ടമാണ്. മൂറോനഭിഷേകത്തിനു തൊട്ടു മുമ്പുള്ള പ്രാർത്ഥനയിൽ "ഇവൻ / ഇവൾ പ്രതികൂല സൈന്യങ്ങളാൽ പിടിക്കപ്പെടുമാറാകരുതെ" എന്നാണ് ചൊല്ലുന്നത്. മൂറോനഭിഷേകം സാത്താനിൽ നിന്ന് വിശ്വാസികളെ സംരക്ഷിക്കുമെന്നാണ് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് പിതാവ് പറയുന്നത്.

ക്രിസ്തു എന്ന പദത്തിന് അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥം. നാമെല്ലാം അഭിഷേകം ചെയ്യപ്പെട്ടവരായതുകൊണ്ട് ക്രിസ്തു നാമം ധരിക്കുന്നു. നാമെല്ലാം ക്രിസ്തുവിനെപ്പോലെയാകുവാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മ സഹായത്താൽ ഉണ്ടാകുന്ന ക്രിസ്തീകരണമാണ് മൂറോനഭിഷേകത്തിന്റെ കാതൽ.

കൗദാശിക പഠനം

# 'ഹൂസോയോ' ഒരു പുനർചിന്തനം

ഫാ. നൈനാൻ കെ. ജോർജ്ജ്
(വൈസ് പ്രിൻസിപ്പാൾ, നാഗ്പ്പൂർ സെമിനാരി)



മലങ്കര ഓർത്തഡോക്സ് സഭയിൽ വി. കുർബ്ബാന അനുഭവത്തിനു മുമ്പു ക്രിസ്തുവിന്റെ സ്ഥാനാപതിയായ പുരോഹിതന്റെ മുമ്പാകെ വി. കുമ്പസാരം നിർവ്വഹിക്കണമെന്നത് ഒരു നിർബന്ധിത നിബന്ധനയായി കാണുന്നു. കുറെ വർഷങ്ങൾക്കു മുമ്പ് വി. കുർബ്ബാന അനുഭവം വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമായി വിശ്വാസികൾ നടത്തി വന്നിരുന്നു. പ്രത്യേകം ഒരുങ്ങി പട്ടക്കാരന്റെ മുൻപാകെ മുട്ടുകുത്തി പാപങ്ങൾ ഏറ്റുപറഞ്ഞ്, പുരോഹിതൻ നിർദ്ദേശിക്കുന്ന പ്രായശ്ചിത്തം കഴിച്ച് വി. കുർബ്ബാന അനുഭവിക്കുവാൻ ഒരുങ്ങുന്ന ഒരു രീതിയായിരുന്നു. വർഷത്തിലൊരിക്കൽ നടത്തുന്ന ഈ അനുഷ്ഠാനത്തിന് 'ആണ്ടു കുമ്പസാരം' എന്നു വിളിച്ചിരുന്നു.

'അനുഭവിച്ചിടുന്നോർക്കായ് അനുഷ്ഠിക്കുന്നീ കുർബ്ബാന' എന്ന വേദശാസ്ത്ര ചിന്ത സഭയിൽ വളരെ പ്രബലപ്പെടുകയും അതിനെപ്പറ്റി വൈദികർ വിശ്വാസികൾക്ക് പ്രബോധനം നൽകുകയും ചെയ്തപ്പോൾ വി. കുർബ്ബാന അനുഭവത്തിനായി ധാരാളം വിശ്വാസികൾ തയ്യാറാവുകയും മുൻപോട്ടു വരികയും ചെയ്തു, ചെയ്തു കൊണ്ടിരിക്കുന്നു. ഇതു ആത്മികപരിപോഷണത്തിന് അത്യന്താപേക്ഷിതവുമാണ്. രണ്ടു പ്രധാന കാരണങ്ങൾ കാണാം. ഇങ്ങനെയൊരു മാറ്റത്തിന്. ഒന്ന്, വൈദികർ വൈദിക വിദ്യാഭ്യാസത്തിലൂടെ വേദശാസ്ത്രവും അതിന്റെ വിവിധ അർത്ഥതലങ്ങളും കണ്ടെത്തി. പ്രശസ്തരായ വേദപണ്ഡിതന്മാരായ ഗുരുക്കന്മാരിലൂടെ നേടിയ ദൈവശാസ്ത്രാഭ്യസനം സഭയിൽ ആത്മിക നവോത്ഥാനത്തിന്റ വിത്തുപാകിയെന്നു പറയാതിരിക്കാൻ തരമില്ല. രണ്ടാമത്തെ കാരണം മറ്റു സഭാ വിശ്വാസത്തിൽ നിന്നും (എല്ലാ ഞായറാഴ്ചയും വി. കുർബ്ബാനകൾ അനുഭവിക്കുന്ന ശീലമുള്ള സഭകൾ) വിവാഹം കഴിച്ചു ഓർത്തഡോക്സ് സഭയിലേക്ക് വന്നുചേർന്ന സ്ത്രീകളുടെ നീണ്ട ഒരു നിര തന്നെ നമ്മുടെ എല്ലാ പള്ളികളിലുമുണ്ട്. അവർ വിശുദ്ധ കുർബ്ബാന അനുഭവത്തിനു തങ്ങളുടെ കുഞ്ഞുങ്ങളേയും കഴിവതും എല്ലാ ഞായറാഴ്ചയും ഒരുക്കുന്നു.

### ഹൂസോയോ പ്രാർത്ഥന

ധാരാളം വിശ്വാസികൾ തുടരെ വിശുദ്ധ കുർബ്ബാന അനുഭവിക്കുന്ന ശീലത്തിലേക്കു വന്നപ്പോൾ പട്ടക്കാരന്റെ മുമ്പാകെ മുട്ടുകുത്തി വ്യക്തിഗതമായി നിർവ്വഹിച്ചു വന്ന കുമ്പസാരത്തിന്റെ പ്രായോഗിക സ്വഭാവത്തിനു മാറ്റം സംഭവിച്ചു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ വി. കുമ്പാരത്തിന്റെ അവസാനത്തിൽ പട്ടക്കാരൻ വിശ്വാസിയുടെ മേൽ കൈവച്ചു നിർവ്വഹിക്കുന്ന പാപമോചനത്തിന്റെ പ്രാർത്ഥന ചൊല്ലി ത്രിത്വനാമത്തിൽ മുദ്രണം ചെയ്ത പാപമോചനം നൽകിയാൽ മതിയെന്നു സഭ കണ്ടെത്തി. ഇതു സാധാരണ വി. കുർബ്ബാന അർപ്പണത്തിനു മുമ്പു നടത്തുന്ന രീതിയാണു കണ്ടിരുന്നത്. സന്ധ്യാനമസ്ക്കാരം വൈദികർ പള്ളിയിൽ നടത്തുന്നുവെങ്കിൽ അതിനോടനുബന്ധിച്ചും, പ്രഭാതനമസ്ക്കാര സമയത്തും, വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനു മുൻപുമൊക്കെയായി നിർവ്വഹിച്ചു വരുന്നു ഈ പതിവ്. എന്നാൽ ഇതിനു വിപരീതമായി വി. കുർബ്ബാന അർപ്പിച്ചതിനു ശേഷവും ഹൂസായോ പ്രാർത്ഥന ചൊല്ലി പാപമോചനം നൽകി. വി. കുർബ്ബാന നൽകുന്ന ചുരുക്കം വൈദികരെയും കാണാൻ കഴിയുന്നുവെന്നത് വിസ്മരിക്കുന്നില്ല.

മറുനാടുകളിലേക്കു നമ്മുടെ ആളുകൾ ജോലിതേടിപ്പോയി അവിടങ്ങളിൽ സ്ഥിരതാമസക്കാരായതോടുകൂടി നമ്മുടെ സഭ ലോകത്തിന്റെ മിക്ക ഭൂഖണ്ഡങ്ങളിലും അതിന്റെ വേരുറപ്പിച്ചു. ചിലയിടങ്ങളിൽ സ്വന്തം പള്ളി, മറ്റു ചിലയിടങ്ങളിൽ മറ്റു സഭയുടെ പള്ളികൾ കടമെടുത്ത സാഹചര്യത്തിലുമൊക്കെയായി നമ്മുടെ ആരാധനയ്ക്കുള്ള കൂടിവരവ് നിശ്ചിത സമയത്തിനുള്ളിൽ വി. കുർബ്ബാനയും അതിനോടനബന്ധിച്ച എല്ലാ കാര്യങ്ങളും പൂർത്തീകരിച്ച് കെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടുന്ന സാഹചര്യമുള്ള പല ആരാധനാ സമൂഹങ്ങളും ഇന്ന് നമുക്കുണ്ട്. ഇവിടെയൊക്കെ ചുരുക്കം ചിലയിടങ്ങളിൽ പുരോഹിതൻ 'ഹൂസോയോ പ്രാർത്ഥന' പൊതുവായി ഉച്ചത്തിൽ പ്രാർത്ഥിക്കുകയും വിശ്വാസികളുടെ മേൽ ത്രിത്വനാമത്തിൽ കുരിശിനാൽ മുദ്രണം ചെയ്തു കർമ്മം നിർവ്വഹിച്ചു വരുന്നു.

### വി. കുമ്പസാരം: ഒരു പഠനം

ആദിമ സഭയിൽ വി. കുമ്പസാരം പരസ്യമായി നിർവ്വഹിച്ചു വന്നിരുന്നതായി കാണാവുന്നതാണ്. പാപമോചനത്തിനുള്ള മാമോദീസായോടു കൂടി കുമ്പസാരം നിർവ്വഹിക്കപ്പെടുന്ന പതിവാണ് ഉണ്ടായിരുന്നത് (അ.പ്ര.2:37) യോഹന്നാൻ മാംദാന

ഉൾപ്പെട്ടിരുന്ന ചാവുകടലിന്റെ തീരത്തുള്ള കുംമ്റാൻ സമൂഹത്തിൽ പുതുതായി അംഗത്വം സ്വീകരിക്കുന്നവർ പരസ്യമായി പാപങ്ങൾ ഏറ്റുപറഞ്ഞ് വെള്ളത്തിൽ സ്നാനം ഏൽക്കണമെന്ന് രീതിയുണ്ടായിരുന്നു. രണ്ടു കൈകളും നീട്ടി സമൂഹത്തിന്റെ മുമ്പാകെ പരസ്യമായി അവർ പാപങ്ങൾ ഏറ്റു പറഞ്ഞിരുന്നു.

ആദിമ സഭയിൽ മാമോദീസാ സ്വീകരിക്കുന്നതിന് പരസ്യമായ പാപം ഏറ്റു പറയുന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു വസ്തുതയായി. ഐറേനിയോസ് തന്റെ ലിഖിതങ്ങളിൽ വ്യക്തമാക്കുന്നു. വിശ്വാസം പഠിച്ച് സ്നാനം ഏൽക്കുവാൻ അർഹരായ സ്ഥാനാർത്ഥികൾ സഭയിലെ മൂപ്പന്മാരുടെ മുമ്പാകെ സാക്ഷ്യത്തിനായി വന്നു നിൽക്കുകയും പാപം ഏറ്റുപറയുകയും അങ്ങനെ പിശാചിനെ ഉപേക്ഷിക്കുകയും മിശിഹായിൽ പരിപൂർണ്ണമായി വിശ്വസിക്കുകയും ചെയ്തിരുന്നു.

**വി. കുമ്പസാരം ആദിമസഭയിൽ**

സഭ കൂടിവരുമ്പോൾ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുവാൻ സ്തോത്രം ചൊല്ലി അപ്പം നുറുക്കുകയും വീഞ്ഞ് വാഴ്ത്തുകയും വിശുദ്ധതകൾ അനുഭവിച്ച് കർത്താവിന്റെ വിശുദ്ധ കുർബ്ബാനയിൽ പങ്കാളികളാവുകയും ചെയ്തിരുന്നതായി ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. സഭ കൂടിവരുമ്പോൾ ഓരോരുത്തർ അവരവർ ചെയ്തുപോയ അപരാധങ്ങൾ പരസ്യമായി പ്രസ്താവിക്കുകയും സഭ ആകമാനമായി പാപക്ഷമ നൽകുകയും ചെയ്തിരുന്നു. ആദിമ വിശ്വാസികൾ പരസ്യ കുമ്പസാരം നടത്തിവന്നിരുന്നുവെന്നു വ്യക്തം.

**രഹസ്യ കുമ്പസാരം**

സഭയിൽ ആശ്രമ പ്രസ്ഥാനം ഉടലെടുത്തതോടുകൂടി അവിടവിടങ്ങളിൽ ആശ്രമങ്ങൾ ഉണ്ടാവുകയും ധാരാളം ആളുകൾ സന്യാസ ജീവിതത്തിലേക്ക് ആകർഷിക്കപ്പെടുകയം ചെയ്തു. ആശ്രമജീവിതത്തിൽ ഓരോ വ്യക്തിക്കും തങ്ങളുടെ ആത്മിക പരിപോഷണത്തിനായി ആത്മിക ഗുരുക്കന്മാർ ഉണ്ടാവേണ്ടതു ആവശ്യമായി വന്നു. സമൂഹത്തിന്റെ മുമ്പെയുള്ള പരസ്യ കുമ്പസാരം പല പ്രശ്നങ്ങൾക്കും കാരണവുമായി. ഈ പശ്ചാത്തലത്തിൽ ആശ്രമത്തിനുള്ളിൽ വളർന്നു വന്ന രീതിയാണ് പട്ടക്കാരന്റെ മുമ്പാകെയുള്ള രഹസ്യ കുമ്പസാരവും പാപമോചന സ്വീകരണവും. പിൽക്കാലത്തു സഭയിലാകമാനം ഈ കുമ്പസാര രീതി പ്രാബല്യത്തിൽ വന്നു.

**വി. കുമ്പസാരം ഓർത്തഡോക്സ് പാരമ്പര്യത്തിൽ**

എല്ലാ ഓർത്തഡോക്സ് സഭകളിലും വി. കുമ്പസാരം ഒരു കൂദാശയായി നിർവ്വഹിക്കപ്പെടുന്നു. ബൈസന്റെയൻ ഓർത്തഡോക്സ് സഭയിൽ പുരോഹിതന്മാർ ഹൈമനിക്കാ ധരിച്ചുകൊണ്ടാണ് കുമ്പസാരം കേൾക്കുന്നതും പാപമോചനം നൽകുന്നതും. ഒരു വിശ്വാസിക്കു പ്രത്യേകം എപ്പോൾ കുമ്പസാരം നടത്തണമെന്നു തോന്നലുണ്ടാകുന്നുവോ അപ്പോൾ ആ കൂദാശ നിർവ്വഹിക്കപ്പെടുന്നു. വി. കുർബ്ബാന അനുഭവത്തിന്റെ മാത്രം മുന്നോടിയായി കാണുന്നില്ലെന്നതു മാത്രം. വി. കുർബ്ബാന സ്വീകരണത്തിനു മുൻപു വി. കുമ്പസാരമോ, ഹൂസോയോ പ്രാർത്ഥന ചൊല്ലി പാപമോചനം നൽകുന്ന രീതിയോ മറ്റൊരു ഓർത്തഡോക്സ് സഭയുടെ ആചാരത്തിലും കാണുന്നില്ല. വി. കുർബ്ബാനയ്ക്കായി ഒരുങ്ങി വരുമ്പോൾ വി. കുർബ്ബാന സ്വീകരിക്കുന്നതിനു മുൻപ് കരുണാമയനായ ദൈവം മനസോടും മനസുകൂടാതെയും അറിവോടും അറിവോടുകൂടാതെയും ചെയ്തുപോയ പാപങ്ങളെ ക്ഷമിച്ചു വി. കുർബ്ബാന സ്വീകരണത്തിനായി തങ്ങളെ ഒരുക്കണമേയെന്നുള്ള അപേക്ഷാപ്രാർത്ഥന എല്ലാ വിശ്വാസികളും ഒരുമിച്ചു ചൊല്ലുന്നു. ഈ ആശയം അടങ്ങുന്ന പ്രാർത്ഥന നമ്മുടെ കുർബ്ബാനയിലും ഉണ്ടെന്നുള്ളത് ഇവിടെ പ്രത്യേകം പ്രസ്താവിക്കട്ടെ. ചില പള്ളികളിൽ ശുശ്രൂഷകൻ പ്രാർത്ഥന ചൊല്ലുകയും വിശ്വാസികളെല്ലാം പ്രത്യേകിച്ച് ഹൂസോയോ പ്രാപിച്ചവർ ഏറ്റു ചൊല്ലുകയും ചെയ്യുന്ന പതിവ് നമ്മുടെ സഭയിലുണ്ട്.

**വി. കുമ്പസാരവും വി. കുർബ്ബാനയും**

വി. കുർബ്ബാന അനുഷ്ഠിക്കുന്ന പട്ടക്കാരനും വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന വിശ്വാസിയും ദൈവസന്നിധിയിൽ കഴിക്കേണ്ടുന്ന ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ് വി. കുമ്പസാരം. കാർമ്മികനായ പട്ടക്കാരൻ തന്റെ അപരാധങ്ങൾക്കു വേണ്ടിയും തന്റെ ജനത്തിന്റെ അപരാധങ്ങൾക്കു വേണ്ടിയും കഴിക്കുന്ന അനവധി പ്രാർത്ഥനാശകലങ്ങൾ വി. കുർബ്ബാന തക്സായിൽ നമുക്കു കാണുവാൻ കഴിയും. ദൈവജനത്തിന് പാപമോചനം നൽകുന്ന പ്രാർത്ഥനയും ശുശ്രൂഷാ സംവിധാനവും നമ്മുടെ കുർബ്ബാന അനുഷ്ഠാനത്തിലുണ്ട്. ഇവിടെയെല്ലാം കുമ്പസാരത്തെപ്പറ്റിയുള്ള ഇന്നത്തെ നമ്മുടെ വീക്ഷണത്തിന് വളരെ അന്തരമുണ്ട്.

കാർമ്മികന്റെയും വിശ്വാസികളുടെയും പാപങ്ങൾ പരിഹരിക്കപ്പെടുന്നതിനു വേണ്ടിയുള്ള താണ്. "പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവ നും.......... എന്ന പ്രാർത്ഥന, നിന്റെ സ്നേഹ കാരു ണ്യത്താൽ എന്റെ നാഥാ ! എണ്ണപ്പെടുവാൻ പാടി ല്ലാത്തവണ്ണം വളരെയും വലിയവയുമായ എന്റെ പാപങ്ങളും വിശ്വാസികളായ സകല ജനത്തിന്റെ പാപങ്ങളും വിശ്വാസികളായ സകല ജനത്തിന്റെ പാപങ്ങളും മായിച്ച് ഉത്തമനേ ! ദയതോന്നി ഞങ്ങ ളോടു കരുണ ചെയ്യണമേ ......!" ഈ വരികൾ പാപ മോചനത്തിനായുള്ള അപേക്ഷയാണെന്ന് വളരെ സ്പഷ്ടമാണ്. വീണ്ടും ഈ പ്രാർത്ഥനയിൽ പറ യുന്നു; നീ തന്നെ ഞങ്ങൾക്കു പാപ പരിഹാരവും പാപപരിഹാരം നൽകുന്നവനും ആയിരിക്കണമേ യെന്ന്.

പാപപരിഹാരത്തിനു വേണ്ടിയുള്ള പ്രാർത്ഥന ചൊല്ലിയതിനുശേഷം, സെദറാ വായ നയും കഴിഞ്ഞ് പാപപരിഹാരം നൽകുന്ന വായ നയും വി. കുർബ്ബാന തക്സായിൽ കാണുന്നു. 'ദൈവത്തിൻ നിന്ന് കടങ്ങൾക്കു പരിഹാരവും പാപ ങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും നാം പ്രാപിക്കുമാറാകട്ടെ'. ഇവിടെ പുരോഹിതൻ വിശ്വാ സികളായ ജനത്തിനു പാപപരിഹാരം നൽകുക യാണ്. ഈ പ്രാർത്ഥന എല്ലാ സെദറാകളുടേയും ശേഷം ചൊല്ലുന്ന പതിവു നേരത്തെ നമ്മുടെ സഭ യിലുള്ളതുകൊണ്ട് പാപപരിഹാരം നൽകുന്ന പ്രാർത്ഥനയാണിതെന്നുള്ളതു വ്യക്തമാവുന്നി ല്ലെന്നു മാത്രം. വി. കുർബ്ബാനയിൽ ഈ പ്രാർത്ഥന ചൊല്ലുമ്പോൾ യാക്കോബായ സഭയിലെ വൈദി കർ ജനത്തിനു നേരെ തിരഞ്ഞു റൂശ്മാ ചെയ്യുന്ന തായി കാണുന്നു. ഈ റൂശ്മാ രീതി ഈ പ്രാർത്ഥന പാപപരിഹാരം നൽകുന്നതാണെന്നു വ്യക്തമാക്കുകയാണ്.

**ഹൂസോയോ ഓരോ വ്യക്തിക്കും നൽകുന്ന പതിവ് എവിടെ നിന്ന് ?**

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാ ധനാ ക്രമങ്ങളും ആരാധനാ രീതിയുമെല്ലാ അന്തോക്യൻ സുറിയാനി സഭയുമായുള്ള ബന്ധ ത്തിൽ നിന്നും ലഭ്യമായിട്ടുള്ളതാണ്. ആ സഭയുടെ ആരാധനാ രീതിയിലെങ്ങും വി. കുമ്പസാരത്തോ ടനുബന്ധമല്ലാതെ നാം ഇന്ന് ആചരിച്ചുവരുന്ന ഓരോ വിശ്വാസിയുടെയും തലയിൽ കാർമ്മികൻ കൈവച്ചു ഹൂസോയോ നൽകുന്ന പതിവു കാണു ന്നില്ല. മലങ്കര ഓർത്തഡോക്സ് സഭയിൽ വളർന്നു വന്ന ഒരു ആചാരരീതിയായി മാത്രമേ ഇതിനെ കാണുവാൻ കഴിയുകയുള്ളൂ. ചരിത്രപരമോ വേദ ശാസ്ത്രപരമേ ആയ ആശയങ്ങൾ നിരത്തി വച്ച് പഠനമൊന്നും നടത്താതെ തുടക്കം കുറിച്ച ഒരു രീതിയായി ഇതിനെ കാണുന്നു.

എല്ലാ ഓർത്തഡോക്സ് സഭകളിലും പൊതുസ്വഭാവമുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങ ളുമുണ്ട്. വി. കുമ്പസാരത്തിന്റെ അനുഷ്ഠാനം അങ്ങനെയുള്ള ഒന്നാണ്. ഒരു പുതിയ ആശയം വളർന്ന് അതിന് പൊതുവായ സ്വീകാര്യത ലഭിക്കു മ്പോൾ അവകൾ വേദശാസ്ത്രപഠനത്തിനു വിധേ യപ്പെടണമെന്നുള്ളത് ഒരു പൊതു തത്വമായി സഭ സ്വീകരിക്കേണ്ടത് ഏറ്റവും അത്യന്താപേക്ഷിതമാ ണ്.

**ഉപസംഹാരം**

പട്ടക്കാരൻ വിശ്വാസികൾക്കു പാപമോ ചനം നൽകുന്നതു വി. കുർബ്ബാന അർപ്പണത്തിന്റെ പൊതുഘടനയുടെ ഒരു ഭാഗമാണ്. ആരാധനയുടെ ഭാഗമായി ഹൂസോയോ ആചരിക്കുന്ന സംവിധാന മാണ് നമ്മുടെ സഭയ്ക്കുള്ളത്. കുർബ്ബാന തക്സാ യിലെ പ്രാർത്ഥനകളും ക്രിയകളും വേദശാസ്ത്ര പഠനത്തിനു വിധേയമാക്കപ്പെടണമെന്നു മാത്രം.

പാപപരിഹാരം നൽകുന്നവനും ..... എന്ന ഹൂസോയോ പ്രാർത്ഥന ചൊല്ലി, ദൈവത്തിൽ നിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും നാം പ്രാപിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയും ചൊല്ലി വിശ്വാസികളുടെ മേൽ പൊതുവായി കുരിശു വരയ്ക്കുമ്പോൾ വി. കുർബ്ബാന അനുഭവിക്കുവാൻ ഒരുങ്ങി വന്നിരിക്കുന്ന ജനത്തിന്റെ മനസോടും മനസു കൂടാതെയും അറി വോടും, അറിവുകൂടാതെയുമുള്ള പാപങ്ങൾ പരി ഹരിക്കപ്പെടുന്നുവെന്നുള്ള സത്യം ജനങ്ങളെ പഠി പ്പിക്കേണ്ടത് ഏറ്റവും ആവശ്യമാകുന്നു. ഇവിടെയാ കുന്നു ഹൂസോയോ യാഥാർത്ഥ്യമാകുന്നത്. വി. കുർബ്ബാന അനുഭവിക്കണമെന്നാണ് ഓർത്ത ഡോക്സ് സഭ നിഷ്കർഷിക്കുന്നത്.

നമ്മുടെ ആരാധനയിൽ ഹൂസോയോ നൽകുന്നതിനു മനോഹരമായ പ്രാർത്ഥനയും അനുയോജ്യമായ സന്ദർഭവും നിലനിൽക്കേ, ഓരോ വ്യക്തിയുടേയും തലയിൽ കൈവച്ചു പാപമോചനം നൽകുന്ന, മറ്റൊരു ഓർത്തഡോക്സ് സഭയിലും വി. കുമ്പസാരത്തോടനുബന്ധമല്ലാതെ ഇല്ലാത്ത ഈ ഹൂസോയോ സാംഗത്യം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും ബഹുമാന്യരായ വൈദിക രുടേയും സംഗമ വേദികളിൽ ഒരു പഠനവിഷയമാ യിരുന്നെങ്കിൽ.............!

കൂടിക്കാഴ്ച

# വൈദികട്രസ്റ്റിയോടൊപ്പം കുറച്ചു നിമിഷങ്ങൾ...



**പൗരസ്ത്യ** ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് കോനാട്ട് കുടുംബത്തിൽ നിന്നുള്ള നാലാമത്തെ വൈദീക ട്രസ്റ്റി, സഭയുടെ വർത്തമാനകാലത്തിന്റെ ശക്തമായ നേതൃത്വം, കോട്ടയം പഴയ സെമിനാരി അദ്ധ്യാപകൻ, മികച്ച പ്രഭാഷകൻ, സംഘാടകൻ തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ മലങ്കര ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റി **റവ.ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്** യുവദീപ്തി വായനക്കാർക്കായി മനസു തുറക്കുന്നു.

*വൈദിക ട്രസ്റ്റി എന്ന നിലയിലുള്ള അങ്ങയുടെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരത്തുന്നു ?*

>> വൈദിക ട്രസ്റ്റി എന്ന പദവിയിൽ നിന്നുകൊണ്ട് സ്വന്തമായി യാതൊരു കാര്യവും ആവിഷ്കരിച്ചു നടപ്പിലാക്കുവാനുള്ള സ്വാതന്ത്ര്യമില്ല. സഭയുടെ എല്ലാ സമതികളിലും അംഗമാണ്. പരിശുദ്ധ ബാവാ തിരുമേനിക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ആലോചനകൾ നല്കുക. പഴയ സെമിനാരിയുടെ കാര്യത്തിൽ മാത്രമാണ് എന്തെങ്കിലും അധികാരമുള്ളത്. ഞാൻ പ്രധാനമായും concentrate ചെയ്യുന്നത് സഭയുടെ വടക്കുഭാഗത്തുള്ള മക്കൾക്കിടയിലാണ്. മാധ്യമങ്ങൾക്ക് നമ്മുടെ policy വിശദീകരിച്ച് കൊടുക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നു.

*കോനാട്ട് കുടുംബത്തിൽ നിന്നുള്ള വൈദികട്രസ്റ്റി ആകുമ്പോൾ അങ്ങക്ക് പൂർവ്വികരിൽ നിന്നും ഏതെങ്കിലും അനുഭവജ്ഞാനം പകർന്നു കിട്ടിയിട്ടുണ്ടോ ?*

>> കോനാട്ട് കുടുംബത്തിൽ നിന്നുള്ള നാലാമത്തെ വൈദിക ട്രസ്റ്റിയാണ് ഞാൻ. കുടുംബപാരമ്പര്യത്തിന്റേതായി യാതൊന്നും തോന്നിയിട്ടില്ല. എന്റെ പൂർവ്വികർ വളരെ late ആയിട്ടാണ് ട്രസ്റ്റിമാരായത്. വൈദിക ട്രസ്റ്റിമാർ ഇത്രയെങ്കിലും active ആയിട്ടുള്ള sole എടുക്കുവാൻ തുടങ്ങിയത് നിശ്ചിത കാലാവധി വന്നതിനു ശേഷം മാത്രമാണ്.

*സഭ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്താണ് ?*

>> ഓർത്തഡോക്സ് വിശ്വാസത്തിന് മൂല്യശോഷണം വന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിരിക്കുന്നു. ആധുനിക ഉണർവ്വ് പ്രസ്ഥാനങ്ങളും, നമ്മുടെ സഭയുടെ ഉള്ളലുള്ള വിഭാഗീയത (പാത്രിയർക്കീസ് പക്ഷവുമായി) ഇതിന് ഒരു പരിധി വരെ കാരണമാണ്. വിശ്വാസസംരക്ഷണത്തിന് കേരളത്തിന് പുറത്ത് ശക്തമായ മിഷൻ നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. അതോടൊപ്പം പ്രശ്നാധിഷ്ഠിതമായ ആദ്ധ്യാത്മിക വളർന്നു വരുന്ന എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

*വൈദികരുടെ പ്രവർത്തനത്തെ സംബന്ധിച്ച് വൈദിക ട്രസ്റ്റിയുടെ അഭിപ്രായം എന്താണ് ?*

>> വൈദീകരുടെ പ്രവർത്തനങ്ങൾ കുറച്ചുകൂടി ഊർജ്ജിതമാകേണ്ടതുണ്ട്. 200 വീടിന് ഒരു വൈദികൻ എന്ന നിലയിൽ ലഭിച്ചാൽ ഇത് സാധ്യമാകും. വൈദികരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള കൂടുതൽ ചർച്ചകൾ വൈദീക സംഘയോഗങ്ങളിൽ ആവശ്യമാണ്. നിലനിൽക്കുന്ന സാഹചര്യങ്ങളിൽ ഉണർന്നു പ്രവർത്തിക്കുവാൻ കഴിയണം.

*അച്ചനെ അലട്ടിയിട്ടുള്ള പ്രശ്നം എന്താണ് ?*

>> സഭാ കേസുകളാണ് ഏറ്റവും അധികം വേദനിപ്പിച്ചിട്ടുള്ള പ്രശ്നം.

*സർക്കാർ നിലപാട് അച്ചൻ എങ്ങനെ വിലയിരുത്തുന്നു ?*

>> L.D.F. സർക്കാൻ ആണെങ്കിലും U.D.F. സർക്കാർ ആണെങ്കിലും നമുക്ക് അനുകൂലമല്ല. എല്ലാ സർക്കാരുകളും വോട്ട് ബാങ്ക് നോക്കിയാണ് പ്രവർത്തിക്കുന്നത്.

*സഭാതർക്കത്തിന്റെ പേരിൽ, പീഡനങ്ങൾ അനുഭവിക്കുന്ന വടക്കുള്ളവരെ കരുതുവാൻ സഭ എന്ത് നടപടി കൈകൊള്ളുന്നു ?*

>> പണ്ട് കാലത്ത് defence fund എന്നൊരു fund ഉണ്ടായിരുന്നു. ഇപ്പഴും അതുപോലെ സഹായം ആവശ്യമുള്ളയിടത്ത് എത്തും. ഇപ്പോൾ എന്ത് സഹായമാണ് ആവശ്യമായിട്ടുള്ളത്, അത്തരത്തിലുള്ള സഹായം നൽകുന്നുണ്ട്.

*മറ്റു സഭകൾ ജനവിഷയത്തിൽ കൂടുതൽ താല്പര്യമെടുക്കമ്പോൾ സാമൂഹ്യ വിഷയങ്ങളിൽ സഭ എന്ത്കൊണ്ട് മൗനം പാലിക്കുന്നു ?*

>> കിഴക്കൻ സഭയും പടിഞ്ഞാറൻ സഭയും തമ്മിൽ അടിസ്ഥാന വ്യത്യാസമുണ്ട്. പടിഞ്ഞാറൻ സഭകൾ കുറച്ചുകൂടി സാമൂഹ്യവിഷയങ്ങളിൽ താല്പര്യമുള്ളവരാണ്. നമ്മുടെ ശ്രദ്ധ ഒരുപാട് ഈ കാര്യത്തിൽ നിന്ന് പിറകോട്ട് പോയിട്ടുണ്ട്. നമ്മുടെ സഭയുടെ കേസുകൾ ഒരു പരിധി വരെ ഇതിന് കാരണമാണ്. സഭയുടെ public relation വകുപ്പു കുറച്ചുകൂടി ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനു തീരുമാനം ഉണ്ടായിട്ടുണ്ട്. ഇനി ഇങ്ങനെയുള്ള കാര്യങ്ങളിൽ കുറച്ചുകൂടി ശ്രദ്ധ കിട്ടുമെന്ന് കരുതാം.

*യുവജനങ്ങളോട് ഒരു വാക്ക്......*

സഭയുടെ ഏറ്റവും വലിയ resource നിങ്ങളാണ്. സഭയ്ക്കുവേണ്ടി പ്രവർത്തിക്കുക, വിശ്വാസം പഠിക്കുക, ദൈവത്തോട് കൂടുതൽ അടുക്കുക, വിശ്വാസം പ്രചരിപ്പിക്കുക.

***With best compliments from :***



കവർസ്റ്റോറി

# വാർദ്ധക്യം : സമാധാനത്തിന്റെ കാലഘട്ടം

ഫാ. ജോർജി ജോസഫ് M.Sc. (Psy), M.Th (Couns) അടൂർ



ഒരു മനുഷ്യായുസ്സിന്റെ അവസാനഘട്ട മായി നാം കരുതുന്നതാണ് വാർദ്ധക്യം. യുണൈ റ്റഡ് നേഷൻസ് പുറത്തുവിട്ട പഠനങ്ങളിൽ 2015-ൽ ലോകജനതയിൽ 121,17 കോടി ജനം 65 വയസ്സ് പിന്നിട്ടവരായിരിക്കും എന്ന് പറയുന്നു. ഓരോ ദിവ സവും ഈ സംഖ്യകൂടി വരുന്നു എന്ന് തന്നെ പറ യാം.

**എന്താണ് വാർദ്ധക്യം**

പ്രധാനപ്പെട്ട നാല് ഘട്ടങ്ങളായി മനുഷ്യ ജീവിത ചക്രത്തെ തിരിച്ചിരിക്കുന്നു.

1) ബാല്യം 2) കൗമാരം 3) യൗവ്വനം 4) വാർദ്ധക്യം, എന്നിവയാണ് അവ. ഇതിൽ വാർദ്ധക്യം എന്നത് പ്രധാനപ്പെട്ട രണ്ട് ഘട്ടങ്ങളാ ണ്. ഒന്നാമതായി 65 മുതൽ 75 വയസ്സ് വരെയുള്ള യുവ വൃദ്ധർ (Young Old) 75 വയസ്സ് മുതൽ ഉള്ള കാലഘട്ടം അതിവൃദ്ധർ (Oldest Old) എന്നുള്ള താണ് രണ്ടാമത്തെ ഘട്ടം.

ഗാന്ധിജി പറയുന്നു "അദ്ധ്വാനവും, അദ്ധ്യ യനവും, പ്രാർത്ഥനയുമാണ് ആരോഗ്യത്തിന്റെ മൂന്ന് താക്കോലുകൾ. ഇതിൽ ഏതെങ്കിലുമൊ ന്നിന്റെ അഭാവം ആരോഗ്യത്തെ ബാധിക്കും" അത്ത രത്തിൽ ഒരു മനുഷ്യൻ ഏത് നിമിഷത്തിലും വാർദ്ധക്യത്തിൽ പ്രവേശിക്കാം. അതുപോലെ മനസ്സ് ദുർബ്ബലമാകുമ്പോൾ വാർദ്ധക്യത്തിൽ പ്രവേ ശിക്കുന്നു എന്നും പറയാം.

**വാർദ്ധക്യവും മാനസികപ്രശ്നങ്ങളും**

1. ഇന്നലെകളിലെ പ്രതാപത്തെക്കുറിച്ചോ, നല്ലകാ ലത്തെക്കുറിച്ചോ നഷ്ടബോധം അനുഭവിക്കുക.
2. മറ്റുള്ളവർ സംസാരിക്കാൻ സമയം കണ്ടെത്താ ത്തുകൊണ്ട് ഏകാന്തത അനുഭവിക്കുക.
3. ഇപ്പോൾ ഇല്ലാത്ത പല കാര്യങ്ങളെക്കുറിച്ചും മാനസിക പ്രയാസം അനുഭവിക്കുക.
4. വിഷാദ രോഗം (Depression). മരണത്തെക്കുറി ച്ചുള്ള ഭയമല്ല, താൻ എങ്ങനെയാണ് മരിക്കുന്ന തെന്ന ചിന്ത.

**ആരോഗ്യപ്രശ്നങ്ങൾ**

1. അസുഖം ശരീരത്തിലെ ഒരു ഭാഗത്തും ലക്ഷണം മറ്റൊരിടത്തും തോന്നുക.
2. താൻ വീഴുമോ എന്ന ചിന്ത (Deconditioning)
3. ഓർമ്മ, കേൾവി, കാഴ്ച മുതലായവയ്ക്ക് കുറവ് വരിക. (Dementia വളരെ കൂടുതലായി കണ്ടു വരുന്നു എന്നത് വാർദ്ധക്യകാല പരിചരണ ത്തിൽ ആശങ്ക ഉളവാക്കുന്നു).
4. പലരോഗങ്ങൾ ഒരേ സമയത്ത് വരിക.

യഥാസമയം മുൻകൂട്ടിയുള്ള പരിശോധന ഈ പ്രശ്നത്തെ ഒരു പരിധിവരെ തടയും.

**വാർദ്ധക്യകാലത്ത് പാലിക്കേണ്ട ആറ് ഭക്ഷണ നിയമങ്ങൾ**

1. ഭക്ഷണ ക്രമത്തിൽ ധാന്യ-സസ്യപ്രധാനമായ സമീകൃതാഹാരം (പയർ, ഇലക്കറികൾ മുതലാ യവ) കൂടുതലായി ഉൾപ്പെടുത്തുക.
2. ഭക്ഷണത്തിലെ കൊഴുപ്പ്, പഞ്ചസാര, എരിവ്, പുളി എന്നിവ കുറയ്ക്കുക.
3. ധാരാളം ശുദ്ധജലം കുടിക്കുക. എപ്പോഴും മൂത്ര മൊഴിക്കണം എന്ന അസൗകര്യം കണക്കിലെ ടുത്ത് ജലത്തിന്റെ അളവ് കുറയ്ക്കരുത്. രാത്രി യിൽ അധികം ജലം കുടിക്കേണ്ട. മൂത്രമൊഴി ക്കുവാൻ രാത്രിയിൽ എഴുന്നേറ്റ് വീഴുവാനുള്ള സാധ്യത വളരെ കൂടുതലാണ്.
4. രുചിയ്ക്ക് വേണ്ടി ഉപ്പ് ഉപയോഗിക്കുന്നത് പര മാവധി കുറയ്ക്കുക.
5. വിശക്കുമ്പോൾ മാത്രം ഭക്ഷണം കഴിക്കുക. ഇട യ്ക്കിടെ കൊറിക്കുന്ന ശീലം ഒഴിവാക്കുക.
6. മൂന്ന് നേരത്തെ ഭക്ഷണം എന്നതിന് പകരം അളവ് കുറച്ച് ആറ് നേരം ആക്കുക, അത് ദഹ നപ്രക്രിയയെ സഹായിക്കും.

**പൊതുവായ ശ്രദ്ധയ്ക്ക്**

1. തങ്ങളുടെ ശാരീരിക-മാനസിക മാറ്റങ്ങൾ അംഗീ കരിക്കുക.
2. വാർദ്ധക്യകാലം വിശ്രമത്തിനുള്ളതെന്ന പഴയ ചിന്ത കളഞ്ഞ് ആവുന്ന ജോലികളിൽ മുഴുകു ക... സൗഹൃദം സ്ഥാപിക്കുക..
3. വെറുതെ കിടക്കുന്ന ശീലം മാറ്റുക... പകലുറക്കം വേണ്ട എന്ന് വയ്ക്കുക, പകലുറക്കം രാത്രിയിൽ

കവിത

# ഇന്നിന്റെ സുവിശേഷം



പ്രിൻസ്.പി. പാപ്പച്ചൻ



മനുഷ്യപുത്രാ
നീ സൂക്ഷിച്ചുകൊള്ളുക.....
ഇവിടെ കുരിശുകൾ ബാക്കിയുണ്ട്
പുതിയവ പണിതു കൊണ്ടും ഇരിക്കുന്നു
ഇനി നിന്നെ ഉദരത്തിലേറ്റാൻ
ഒരു കന്യകയും
അവളെ കൈക്കൊള്ളാൻ ഒരു യോസഫും
തയ്യാറാവില്ല.
ഇനി നീ സിനഗോഗുകളിൽ പ്രസംഗിക്കേണ്ടത്
അധിനിവേശത്തിന്റെ രാഷ്ട്രീയവും
നാലാം ലോക സിദ്ധാന്തവുമാണ്
അങ്ങനെയെന്നാൽ നിനക്കു ഞങ്ങൾ
കയ്പു ചേർത്ത കാടി തരില്ല
പകരം......
കറുത്ത പാനീയങ്ങൾ കുടിക്കുവാൻ തരാം
നിന്നെ തള്ളിപ്പറയാൻ പത്രോസും
ഒറ്റിക്കൊടുക്കാൻ യൂദാസും
പിറവിയെടുത്തു കഴിഞ്ഞു
മനുഷ്യപുത്രാ, നീ സൂക്ഷിച്ചു കൊള്ളുക
ഇവിടെ കുരിശിന്റെ പണിതീർന്നു.

---

*15-ാം പേജ് തുടർച്ച.........*

ഉറക്കം കളയും.. അത് ആധികൂട്ടും.

4. രാത്രിയിൽ വേണ്ട സമയം ഉറങ്ങുക. അതിന് ഒരു കൃത്യസമയം ഉള്ളത് നല്ലത്.
5. കൃത്യമായ വ്യായാമം വേണം.
6. ആഹാരം രുചിയെക്കാൾ, പോഷകസമൃദ്ധമായിരിക്കുവാൻ ശ്രദ്ധിക്കുക.
7. ദിവസവും ആഹാരത്തോടൊപ്പവും, അല്ലാതെയും ആവശ്യത്തിന് ശുദ്ധജലം കുടിക്കണം.
8. ഏറ്റവും പ്രധാനമായി ഒരു പ്രാർത്ഥനാ ജീവിതം ഉണ്ടായിരിക്കണം. അത് വാർദ്ധക്യകാലത്ത് സ്വസ്ഥതയും, ശാന്തിയും, സമാധാനവും, പ്രത്യാശയും അതുവഴി ഉന്മേഷവും തരും.

വാർദ്ധക്യകാലം അനുഗ്രഹങ്ങളുടെ കാലഘട്ടമാണ്. ഒരു വാർദ്ധക്യമാതാവിന്റെയോ പിതാവിന്റെയോ സാന്നിദ്ധ്യം ഭവനത്തിന് ഐശ്വര്യവും, തലമുറകൾക്ക് അനുഗ്രഹവും ജീവിതത്തിന്റെ സുകൃതവുമാണ്. വാർദ്ധക്യകാല മന്ദിരങ്ങൾ പൊട്ടിമുളയ്ക്കുന്ന ഈ കാലഘട്ടത്തിൽ മക്കൾ ഓർക്കുക തങ്ങളുടെ മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമാണെന്നും, നാളെകളിൽ തങ്ങളും ഈ ഘട്ടത്തിലേക്ക് മാറേണ്ടവരാണ് എന്നും. ഒരോ ഒക്ടോബർ ഒന്നാം തീയതിയും വൃദ്ധദിനമായി ആചരിക്കുന്നതിൽ മാത്രം ഒതുങ്ങാതെ, അവരും ഈ സമൂഹത്തിന്റെ ഭാഗമാണ് എന്ന് കരുതുക, സ്നേഹിക്കുക, പ്രാധാന്യം നൽകുക. ഈ ഒരു അവബോധമാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം.

വായന

# അനുഗ്രഹത്തിന്റെ മോതിരം

**ദീപ് ജോൺ**

**മലയാളമനോരമ ചീഫ് എഡിറ്റർ ശ്രീ. കെ.എം. മാത്യുവിന്റെ എട്ടാമത്തെ മോതിരം എന്ന ആത്മകഥ ഗ്രന്ഥത്തെപ്പറ്റിയൊരു കുറിപ്പ്**



**മോ**തിരം ബന്ധത്തെ സൂചിപ്പിക്കുന്നു. ഭാരത സംസ്കാരത്തിലും ലോകചരിത്രത്തിലും മോതിരം വളരെയധികം പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മലയാളപത്രലോകത്തെ കാർണവരായ ശ്രീ. കെ.എം. മാത്യുവിന്റെ ആത്മകഥയായ എട്ടാമത്തെ മോതിരവും ബന്ധങ്ങളുടെ കഥയാണ്....... തലമുറകളുടെ ബന്ധത്തിന്റെ കഥ......

'എട്ടാമത്തെ മോതിരം' എന്ന ആത്മകഥ വളരെ ശക്തമായ സന്ദേശങ്ങൾ ആധുനിക തലമുറക്ക് നല്കുന്നു. വിജയങ്ങളുടെ പിന്നിലുള്ള പ്രയത്നത്തിന്റെ കഥ, വെല്ലുവിളികളെ അതിജീവിക്കാനുള്ള ആത്മധൈര്യത്തിന്റെ വീര്യം...... എല്ലാറ്റിനുപരി മാതൃഭക്തിയുടെ ശക്തമായ പ്രമേയം.

ഏതൊരു വ്യക്തിക്കും സുഗ്രാഹ്യമായ ഭാഷ ഈ ഗ്രന്ഥത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ്. ശക്തമായ പ്രമേയങ്ങളുടെ ലളിതമായ ആഖ്യാനശൈലി സന്ദേശങ്ങളെ സുദൃഢമാക്കുന്നു. ഇതൊരൊഴുക്കാണ്... ഇതിലെ ഓരോ വാക്കുകളും വാക്യങ്ങളും സന്ദേശങ്ങളും ഹൃദയത്തിലേക്ക് ഒഴുകുകയാണ് നിർവിഘ്നം.

എട്ടാമത്തെ മോതിരം എന്ന തന്റെ ആത്മകഥയ്ക്ക് പേരിട്ടതിന് പിന്നിലുള്ള ചേതോവികാരം അദ്ദേഹം പുസ്തകത്തിൽ തുടക്കത്തിൽ തന്നെ വെളിപ്പെടുത്തുന്നുണ്ട്.

"എന്റെ അമ്മ മാമ്മിയുടെ നിര്യാണത്തിനു ശേഷം, അമ്മച്ചിയുടെ സ്വർണ്ണാഭരണങ്ങൾ ഉരുക്കി, ജീവിച്ചിരുന്ന ഏഴു സഹോദരൻമാർക്കും, പരേതനായ സഹോദരൻ കെ.എം. ജേക്കബിന്റെ പത്നിക്കും ഞങ്ങളുടെ ഏക സഹോദരിക്കും അപ്പച്ചൻ വീതിച്ചു തന്നു. ആദ്യം അണിഞ്ഞപ്പോൾ തന്നെ എനിക്ക് തോന്നി, മോതിരവിരലിനൊരു കാവൽ മാലാഖയുണ്ടെന്ന്".



കാവൽ മാലാഖയുടെ അനുഗ്രഹമാണ് ഇത്രത്തോളം എത്തിച്ചതെന്ന് കെ. എം. മാത്യു വിശ്വസിക്കുന്നു. അമ്മയുടെ ദിവ്യസ്മരണ മുൻനിർത്തിയാണ് ഈ പുസ്തകത്തിന് എട്ടാമത്തെ മോതിരമെന്ന് പേരിട്ടിരിക്കുന്നത്. ഹൃദയാശം ഉള്ളതാണ് ഇതിലെ മാതൃസ്മരണകളും....... പ്രായമായവർ പാഴ്വസ്തുക്കളാണെന്ന് പഠിപ്പിക്കുന്ന നവലോകക്രമത്തിന് ഒരു പുതിയ പാഠം നൽകുകയാണ് ആത്മകഥയിലൂടെ കെ.എം.മാത്യു.

എട്ടാമത്തെ മോതിരത്തിന്റെ വിവിധഘട്ടങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയും പരാമർശവിധേയമാകുന്നുണ്ട്. വിവിധ സഭാ നേതാക്കളും, കേസ് നടത്തിപ്പും, ദേവലോകം അരമനയും, തർക്കങ്ങളുമെല്ലാം ഇതിൽ സജീവ സാന്നിദ്ധ്യമാണ്.

ലളിതസുന്ദരമായ ഭാഷയിൽ വരും തലമുറയ്ക്ക് ഒരു തലമുറയുടെ അനുഭവങ്ങൾ പകർന്നു നൽകുകയാണ് എട്ടാമത്തെ മോതിരം.

*With best compliments from :*

Royal

GLASS & PLYWOODS

*(Wholesale & Retail)*

M.C. ROAD, PANDALAM

MOB : 9447431798, SHOP : 04734 - 254168.

*We Deal in :*

ALL KINDS OF GLASSES, CENTURY PLYWOOD, PLYWOODS, JACWUD, BAMBOO PLYWOOD, NOVOPAN, LAMINATED SHEETS, HARDWARE FITTINGS (EBCO), ALUMINIUM AND BRASS FITTINGS, MOULDED REAPERS, POLISH ITEMS (SLEEK, ESDEE), STEEL FITTINGS (YAMA), KITCHEN ACCESSORIES (SLEEK & KAFF), SINTEX DOOR & CURTAIN FITTINGS.

*Our Specialities are : Glass Polish & Etching*

## ദിവ്യസ്മരണ



**ജോൺ ദാനിയേൽ & ഫാമിലി**
പോക്കാട്ടിൽ കിഴക്കേക്കര
കുടശ്ശനാട്.

## ദിവ്യസ്മരണ



**ഗീവർഗീസ് & ഫാമിലി**
വിളയിൽ
കുടശ്ശനാട്.

## പാവനസ്മരണ



**ഉണ്ണൂണ്ണി പാപ്പി**
ചാരുംവിളവടക്കേതിൽ പുത്തൻപുരയിൽ
കുടശ്ശനാട്

## പാവനസ്മരണ



**ചാക്കോ ദാനിയേൽ**
മുകളുംപുറത്ത്
കുടശ്ശനാട്

# "നിന്റെ പേരിൽ ഇവർ ചെയ്യും ക്രിയകൾ....."

നിരീക്ഷണം

ജോജി ജോർജ്ജ്

**ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി സ്വയം ഇറങ്ങിത്തിരിച്ച ചില സഹോദരങ്ങളുടെ 'സുവിശേഷം' പത്രങ്ങളിൽ നിന്ന്...**



**പത്രങ്ങൾ പറഞ്ഞത്.......**

"പാശ്ചാത്യരാജ്യങ്ങളിലെ സമ്പന്നർ ധൂർത്തടിച്ചിട്ടും തീരാത്ത പണം ജീവിതാവസാനം 'സ്വർഗ്ഗത്തിലെ സീറ്റ്" ഉറപ്പിക്കാൻ മാറ്റി വയ്ക്കുക പതിവാണ്. ഇന്ത്യ പോലുള്ള 'ദരിദ്ര' രാജ്യങ്ങളിലെ അനാഥരെയും പാവപ്പെട്ടവരേയും മനസ്സിൽ കണ്ട് മാറ്റിവയ്ക്കുന്ന ഈ സ്വത്തുക്കൾ ചില ഏജന്റുമാർ വഴിതെറ്റിച്ചുകൊണ്ടെത്തിക്കുക സുവിശേഷത്തട്ടിപ്പുകാരും ആൾദൈവങ്ങളുമൊക്കെ ഉൾപ്പെടുന്ന ആത്മീയ വ്യാപാരികളിലാണ്" (മംഗളം)

""Believers Church India received Rs. 78.62 crore during the period and Gospel for Asia received Rs. 58.62 crore" (The Indian Express)

"നാഗമ്പടത്ത് പാസ്റ്റർ നടത്തുന്ന 'ഹെവൻലി ഫീസ്റ്റ്' ആരാധനാകേന്ദ്രം സ്ഥിതി ചെയ്യുന്ന ഒരേക്കർ 34 സെന്റ്, പത്തനംതിട്ട ജില്ലയിലെ 80 സെന്റ്, പാമ്പാടിയിൽ 4.5 ഏക്കർ റബ്ബർതോട്ടം, എറണാകുളത്ത് പത്തരകോടിക്ക് മുകളിൽ വിലമതിക്കുന്ന വീട്, കുട്ടിക്കാനത്ത് അഞ്ചേക്കർ എന്നിവ പാസ്റ്റർ തങ്കുവിന്റെ പേരിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്." (കൗമുദി)

"കോട്ടയം ഡി.എം.ഒ.യുടെ ചാർജ്ജ് വഹിക്കുന്ന ഡോ. ബഞ്ചമിന് ആരോഗ്യ വകുപ്പിന്റെ താക്കീത്" (മലയാള മനോരമ)

"കോടിമതയിൽ പ്രവർത്തിക്കുന്ന ബാർ ഹോട്ടൽ വാങ്ങുന്നതിന് തങ്കുപാസ്റ്റർ വിലപറഞ്ഞതായും അന്വേഷണ സംഘം സ്ഥിരീകരിച്ചു" (കൗമുദി)

"തങ്കം ഊരി വാങ്ങുന്ന പാസ്റ്റർ" (മംഗളം)

"കോലഞ്ചേരി കേന്ദ്രമാക്കി റിട്ട. പ്രൊഫസറുടെ നേതൃത്വത്തിലുള്ള സുവിശേഷ സംഘത്തിന് തിരുവല്ലയിൽ 350 ഏക്കർ റബ്ബർത്തോട്ടം, തൊടുപുഴ വെള്ളറട ഡാമിന് സമീപം 150 ഏക്കർ, കുന്നത്ത്നാട് താലൂക്കിൽ പട്ടിമറ്റത്ത് അഞ്ചുകോടിയോളം വിലവരുന്ന ഹൗസ്പ്ലോട്ടുകൾ, കോലഞ്ചേരിക്ക് സമീപം 10 ഏക്കർ റബ്ബർത്തോട്ടം എന്നിവ അനധികൃതമായി വാങ്ങിയിട്ടുണ്ടെന്ന് സൂചന ലഭിച്ചിട്ടുണ്ട്" (ദേശാഭിമാനി)

"ബിസിനസ്സിൽ എന്തെങ്കിലും വീഴ്ച പറ്റി നിൽക്കുന്ന വമ്പന്മാരെ ആദ്യം പാസ്റ്ററുടെ ഏജന്റുമാർ കണ്ടെത്തും. ഇവരെ ചെന്ന് കണ്ട് ആത്മീയസൗഖ്യപൂജ നടത്തും. അതു കഴിഞ്ഞ് കടം വീട്ടാൻ പലിശ രഹിത വായ്പ നൽകും. ഈ കളിയിൽ അയാൾ വീണിരിക്കും. അതിന് ശേഷം പതുക്കെ അല്പം പണം കൂടി നല്കി സ്ഥലം ഇഷ്ടദാനമായി പാസ്റ്റർക്ക് എഴുതി വാങ്ങും" (കൗമുദി)

"കുട്ടൻ എന്ന കാൻസർ രോഗിയെ താൻ പ്രാർത്ഥനയിലൂടെ സുഖപ്പെടുത്തിയതായി ഏറെക്കാലം ഇയാൾ അവകാശപ്പെട്ടിരുന്നു. അതേ കുട്ടൻ രണ്ട് വർഷം മുമ്പ് ക്യാൻസർ മൂലം മരിച്ചത് വിശ്വാസികളിൽ ഭൂരിഭാഗവും ഇതേ വരെ അറിഞ്ഞിട്ടില്ല." (മംഗളം)

"ഹെവൻലി ഫീസ്റ്റ് ട്രസ്റ്റ് ആക്കണമെന്ന ഡോ. ചാർളിയുടെ ആവശ്യം തങ്കുബ്രദർ നിരസിച്ചപ്പോഴാണ് 'ഡിവൈൻ ഫെസ്റ്റ്' എന്ന പുതിയ സഭയ്ക്ക് രൂപം നൽകിയത്" (ദീപിക)

"എറണാകുളത്ത് പത്തരകോടി രൂപയ്ക്ക് സ്ഥലം വാങ്ങാൻ ധാരണയായിട്ടുണ്ട്. ഇതിൽ 10 കോടി രൂപയും സ്വന്തം അക്കൗണ്ടിൽ നിന്ന് അഡ്വാൻസ് നൽകി" പോലീസിനോട് തങ്കു പറഞ്ഞ കാര്യങ്ങൾ ഇവയാണ്.

(മലയാള മനോരമ)

ആശംസകളോടെ......

സൂര്യ മാർബിൾസ് & മൊസൈക് ഇൻഡസ്ട്രീസ്

എം.സി. റോഡ്, കൈപ്പുഴ, കുളനട

ഫോൺ : 04734-260787.

ഗ്രാനൈറ്റ്, ജോൺസൺ ഫ്ളോർ ടൈൽസ് & വാൾ ടൈൽസ്, നാക്കോവെർട്ടിഫൈഡ് ടൈൽസ്, ഔട്ട്ഡോർ ടൈൽസ്, പോളിഷ് ഓക്സൈഡ് എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നതാണ്.

J&J GROUP

# വിവാഹ

## ഡിജിററൽ ഫോട്ടോ ആൽബവും ഡിജിററൽ വീഡിയോയും 7500* രൂപ മുതൽ

Family Floors!
ഫോട്ടോ എടുക്കുന്നവർക്ക്
ഫോട്ടോവെച്ച
ടേബിൾ ടോപ് കലണ്ടറും
ക്ലോക്കും ഫ്രീ.*

CALL
22 33 99 / 22 89 90
93875 42990

NINE YEARS IN DIGITAL PHOTOGRAPHY 1999 9 2008

അരമണിക്കൂറിനുള്ളിൽ 35 ഫോട്ടോയും നിങ്ങളുടെ ഫോട്ടോവെച്ച കലണ്ടറും 100 രൂപയ്ക്ക്



## J&J D-MAX
digitally maximized

J&J STUDIO COMPLEX, K.P. ROAD, **ADOOR**, PH: 228990, 224168, 329222
Annexe: 1st. FLOOR PUNTHALA SHOPPING COMPLEX, **K.S.R.T.C JN. ADOOR** PH: 326990, 228999
Br. 1st. FLOOR PIONEER TOWER (Opp Govt. HOSPITAL) **PATHANAMTHITTA**, PH:0468-3299990
www.jjdmax.com, E-mail:jjdmax@dataone.in

*Conditions Apply

## മൾട്ടി മീഡിയ ആനിമേഷൻ കോഴ്സുകൾ

- ✓ ഡിപ്ലോമാ ഇൻ മീഡിയ ഡിസൈനിംഗ്.
- ✓ 2D & 3D ആനിമേഷൻ ഫിലിം ഡിസൈൻ.
- ✓ വീഡിയോ എഡിറ്റിംഗ് / കോംപോസിറ്റിംഗ്.
- ✓ ഗ്രാഫിക് ഡിസൈനിംഗ്.

IMA™
INSTITUTE OF MEDIA ARTS™
J & J D - Max, K. P. Road, Adoor.
Ph: 04734 - 329990, 320330.
Email: imaadoor@sify.com,

# വാർദ്ധക്യം അവഗണിക്കപ്പെടുകയാണോ ?

ലേഖനം

സാംസൺ സാമുവൽ വർഗീസ്

**കൂ**ണുപോലെ മുളച്ചുവരുന്ന വൃദ്ധസദനങ്ങൾ, മണിമാളികയിലെ നാറ്റം വമിക്കുന്ന മുറി. ഇവിടെ വാർദ്ധക്യം അവഗണിക്കപ്പെടുകയാണോ ?

**സമൂഹത്തിലേക്ക് ഒരെത്തിനോട്ടം**

യൗവ്വനയുക്തരെ മാത്രം അഭിസംബോധന ചെയ്യുന്ന ചടുലതയുടെ ഈ ലോകത്തിൽ വൃദ്ധൻ 'ഓൾഡ് മാൻ' ആയി മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു നാഗരികതയുടെ വലിപ്പമുള്ള വാക്കാണ് വൃദ്ധൻ (വളർന്നവൻ, വൃദ്ധി പ്രാപിച്ചവൻ എന്നർത്ഥം) ശരീരം തളരുമ്പോഴും വളരുന്ന പലതുണ്ട്. വൃദ്ധനിൽ എന്നാൽ പ്രത്യക്ഷമായ ഉപയോഗത്തിന് പരമപ്രധാന്യമുള്ള ഒരു സംസ്കാരത്തിലെ അസുന്ദരമായ ഒരു വാക്കാണ് 'ഓൾഡ്മാൻ' പരിചയം ഉണ്ടെങ്കിലും പഴകിപ്പോയ ഒരാൾ.

പെൻഷനും, രോഗത്തിനും, മരണത്തിനും ഉള്ള ഒർഹത മാത്രമാണ് വാർദ്ധക്യം എന്ന ചിന്ത നമ്മുടെയിടയിൽ വളർന്നുകഴിഞ്ഞിരിക്കുന്നു. അന്തസ്സിന്റെ ആഭിജാത്യത്തിന്റെയും നെറ്റിപ്പട്ടമണിഞ്ഞ ജരാനരകൾ ഇന്ന് യാന്ത്രികതയ്ക്ക് പിന്നിൽ മറഞ്ഞുപോകുന്നു. ആ യാന്ത്രിക പ്രക്രിയ നിർവിഘ്നം കേരളകുടുംബങ്ങളിൽ പടർന്നുപിടിക്കുന്നു. വാർദ്ധക്യം അനാഥമാകുന്ന വാർദ്ധക്യചിഹ്നങ്ങൾ അപമാനകരം ആകുന്ന ഒരു സമൂഹത്തിലെ വഴിയിൽ നിന്ന് വൃദ്ധനെ വൃദ്ധി പ്രാപിച്ചവനെ, അനുഭവത്തിന്റെ മൂഴയിലുരുകി ജീവിതയാഥാർത്ഥ്യത്തെ മനസ്സിലാക്കിയവനെ വൃദ്ധ സദനത്തിലേക്ക് തള്ളുന്നു. എപ്പോഴും തുറക്കാത്ത മുറിക്കുള്ളിൽ അടയ്ക്കുന്നു. അവിടെ പ്രവേശനം ഹോം നേഴ്സിനു മാത്രം.

യുവാവിന് മാത്രം പ്രാപ്യമായ ഉയരങ്ങളുള്ള അവന് വേണ്ടി മാത്രം ചലിക്കുന്ന ഈ ലോകത്തിന് നിന്ന് വാർദ്ധക്യത്തിന്റെ മഹനീയത പടിയിറങ്ങുകയാണ്. ഇവിടേക്ക് വന്നതുപോലെ തന്നെ വിറയ്ക്കുന്ന കാലടികളുമായി.

**ക്രിസ്തീയ പാരമ്പര്യത്തിൽ**

ലോകപരമായി നാം ചിന്തിക്കുമ്പോൾ വാർദ്ധക്യം ഒരുതരം നിർജീവത്വത്തിന്റെയും അവഗണനയുടേയും അവസ്ഥയാണ്. എന്നാൽ ക്രിസ്തീയ പാരമ്പര്യത്തിൽ അത് അങ്ങനെയല്ല മറിച്ച് ദൈവപരിപാലനയുടെ ശ്രേഷ്ഠകാലമാണ്. ദൈവത്തോടൊപ്പമുള്ള വാസത്തിനായി അത്യധികമായ ഒരുക്കപ്പെടുന്ന കാലമാണ്. ഈ ഒരുക്കം മരണത്തെക്കുറിച്ചുള്ള ചിന്തയിലൂടെയും അന്ന് വരെ താൻ അഭിമുഖീകരിച്ച ജീവിത പശ്ചാത്തല വിശകലനത്തിലൂടെയും സമർപ്പണത്തിലൂടെയും സാധിക്കുന്നു. ചുരുക്കത്തിൽ വാർദ്ധക്യത്തെ മഹനീയമായി ആദരിക്കുന്ന ഒന്നാണ് നമ്മുടെ പാരമ്പര്യം

**ദൈവപരിപാലനയുടെ കാലം**

ബലഹീനതയും ഏകാന്തതയും നിറഞ്ഞ നിമിഷങ്ങളായി വാർദ്ധക്യകാലജീവിതത്തെ നാം വിലയിരുത്തുന്നു. ദൈവത്തിന്റെ പ്രത്യേക സ്നേഹവും പരിഗണനയും ലഭിക്കുന്നു എന്നതുകൊണ്ട് തന്നെ ജീവിതത്തിന്റെ അനർഹമായ നിമിഷങ്ങളാണ് വാർദ്ധക്യം നമുക്ക് സമ്മാനിക്കുന്നത്. ഉദാഹരണമാണ് യിസഹാക്കിന്റെ ജനനം (ഉല്പത്തി 21:2) വാർദ്ധക്യകാലത്ത് അപ്രാപ്യമാണ് എന്ന് അവർ കരുതിയിരുന്ന ആ 'ചിരി' എന്നിട്ടും അവർ ദൈവത്തിൽ വിശ്വസിച്ചു 'എന്റെ കൃപ നിനക്ക് മതി' എന്ന (2 കൊരി 12:9) പറഞ്ഞവന്റെ കൃപയാൽ അവർക്ക് ലഭിച്ചു. ആ കൃപ ലഭിപ്പാനായിട്ടാണ് നാമും ശ്രമിക്കേണ്ടത്. ബലഹീനമായ വാർദ്ധക്യാവസ്ഥയിൽ ബലമുള്ളവന്റെ വലതുകരം പിടിക്കാൻ നമുക്ക് കഴിയണം. അങ്ങനെ ജീവിതം ആത്മികമായി ദൈവത്തിന് നാം സമർപ്പിക്കേണ്ടിയിരിക്കുന്നു.

**ഒരുക്കത്തിന്റെ കാലം**

ജീവിതത്തിനായുള്ള സമരത്തിന്റെ തിരക്കുകൾ ഒഴിഞ്ഞിട്ട് റിട്ടർമെന്റ് ജീവിതം ആകുമ്പോൾ യഥാർത്ഥ ജീവിതം നമ്മിലേക്ക കൊണ്ടുവരുവാൻ ഒരു വലിയ അവസരമാണ് വാർദ്ധക്യത്തിൽ ലഭിക്കുന്നത്. ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവത്തോടൊപ്പമുള്ള ജീവിതം ആരംഭിക്കുവാൻ ചിലതൊക്കെ വാർദ്ധക്യത്തിൽ നമ്മെ നിർബന്ധിക്കുന്നു. അത് ഇഹലോകജീവിതാവസാനത്തെ പ്പറ്റിയുള്ള ചിന്തയാകാം. മറ്റെന്തെങ്കിലുമാകാം. "നമ്മുടെ ഓരോ ദിവസവും ആയുസ്സിന്റെ അന്ത്യദിനമാണെന്ന് കരുതുന്നില്ലെങ്കിൽ ദൈവഭക്തിയിലും വിശുദ്ധിലും മുന്നേറാൻ നമുക്ക് സാധിക്കയില്ല. അക്കാരണത്താൽ ആണ് നമ്മുടെ അന്ത്യനാഴിക നമ്മിൽ നിന്നു ദൈവം മറച്ചിരിക്കുന്നത്" (വി. അഗസ്തിനോസ്) ജ്ഞാനമുള്ള ഹൃദയത്തിന്റെ ലക്ഷണമാണ് ജീവിതത്തിന്റെ ക്ഷണികതയെ ഓർത്ത് ജ്ഞാനം തരുന്നവങ്കലേക്ക് തിരിയാൻ ശ്രമിക്കുന്നതും അന്ത്യം എപ്പോൾ വേണമെ

ആരോഗ്യം

# കുഞ്ഞുങ്ങൾക്ക് വാക്സിനേഷൻ എപ്പോഴൊക്കെ ?

ബൈജു ബാബു

**സർവ്വദേശീയ രോഗപ്രതിരോധ പദ്ധതിയനുസരിച്ച് കുഞ്ഞുങ്ങൾക്ക് താഴെപറയുന്ന വാക്സിനുകൾ നിർബന്ധമായും നൽകിയിരിക്കണം.**

| പ്രായം | മരുന്ന് |
|---|---|
| ജനിച്ചയുടൻ | ബി.സി.സി. ഓറൽ പോളിയോ സീറോ ഡോസ് |
| ഒന്നര മാസം | ഡി.പി.ടി (ട്രിപ്പിൾ) ഓറൽ പോളിയോ ആദ്യ ഡോസ് |
| രണ്ടരമാസം | ഡി.പി.ടി., ഓറൽ പോളിയോ രണ്ടാം ഡോസ് |
| മൂന്നരമാസം | ഡി.പി.ടി, ഓറൽ പോളിയോ മൂന്നാം ഡോസ് |
| പത്താം മാസം | മീസൽസ് വാക്സിൻ |
| ഒന്നര വയസ്സ് | ഡി.പി.ടി, ഓറൽ പോളിയോ ബൂസ്റ്റർ ഡോസ് 1 |
| നാലര - 5 വയസ്സ് | ഡി.പി.ടി ഓറൽ പോളിയോ ബൂസ്റ്റർ ഡോസ് - 2 |
| 10 വയസ്സ് | ടെറ്റനസ് ടോക്സോയ്ഡ് |
| 16 വയസ്സ് | ടെറ്റനസ് ടോക്സോയ്ഡ് |

**ഓപ്ഷണൽ വാക്സിനുകൾ : ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് ആവശ്യമെങ്കിൽ നൽകാവുന്ന മറ്റു വാക്സിനുകൾ**

| | |
|---|---|
| പതിനഞ്ചാം മാസം | എം.എം.ആർ. (മീസൽസ്, മംസ്, റൂബെല്ല) |
| ജനിച്ചയുടൻ ഒന്നര മാസം, മൂന്നര മാസം | ഹെപ്പറ്റൈറ്റിസ് - ബി |
| ഒന്നരമാസം, രണ്ടരമാസം, മൂന്നര മാസം, | |
| ഒന്നര വയസ്സ് | ഹിബ്‌വാക്സിൻ |
| രണ്ട് വയസ്സിന് ശേഷം | ടൈഫോയ്ഡ് |
| ഒരു വയസ്സിനു ശേഷം | ചിക്കൻപോക്സ് വാക്സിൻ |
| ഒന്നര വയസ്സിനുശേഷം (6 മാസത്തെ ഇടവേളയിൽ 2 ഡോസ്) | ഹെപ്പറ്റൈറ്റിസ് - എ വാക്സിൻ |

*21-ാം പേജ് തുടർച്ച.........*

ങ്കിലും സംഭവിക്കാം എന്ന് കരുതുന്നതും.

"'ഞങ്ങളുടെ നാളുകളെ എണ്ണാൻ ഞങ്ങളെ ഉപദേശിക്കേണമെ' (സങ്കീ 90:12) എന്ന സങ്കീർത്തക്കാരൻ പറയുന്നു. ഇപ്രകാരം ആ ജ്ഞാനത്തെ പൂർണ്ണമായി നാം ഉൾക്കൊള്ളുന്നത് വാർദ്ധക്യകാലത്താണ് എന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ആ ഉൾക്കാഴ്ചയെ ഒരു അദ്ധ്യാത്മിക നിറവായി മാറ്റിയെടുക്കാൻ നമുക്ക് കഴിയണം. പ്രാർത്ഥനയെന്ന പൊന്നിൻ ചങ്ങലയിലെ അറ്റുപോകാറായ കണ്ണികൾ ശരിയാക്കി ഉപവാസത്തിലുടെയും നോമ്പിലൂടെ ശരീരാശുദ്ധി വെടിഞ്ഞ് നാം അതിനായി ഒരുക്കപ്പെടണം. അങ്ങനെ സ്വർഗ്ഗീയ വാസം ഈ ഭൂമിയിൽ തുടങ്ങുവാൻ നമുക്ക് കഴിയണം.

ക്രിസ്ത്യാനികളായ നാം ലോകത്തിന് അനുരൂപരാകാതെ വാർദ്ധ്യകത്തെ ബഹുമാനിക്കുന്നവരും ആദരിക്കുന്നവരും ഒപ്പം അവരുടെ അനുഭവപാഠങ്ങൾ നമ്മിലേക്ക് സ്വായത്തമാക്കാൻ യത്നിക്കുന്നവരുമാകണം. അങ്ങനെ "വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുന്നത്" കാണാൻ നമുക്ക് സാധിക്കണം.






# അറിഞ്ഞിരിക്കേണ്ട വെബ്സൈറ്റുകൾ......

സോജി വർഗീസ്

**ഓൺലൈൻ ഡെസ്ക്ടോപ്പ്** **www.nivio.com**

വിൻഡോസ് അടിസ്ഥാനമാക്കിയുള്ള ആദ്യത്തെ ഓൺലൈൻ ഡെസ്ക്ടോപ്പ് ആയ nivio.com സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവർക്കും ഡെസ്ക്ടോപ്പ് സ്വന്തമാക്കുവാൻ അവസരം ഒരുക്കുന്നു. സിഡിയോ ഫ്ളോപ്പിയോ ഒന്നും കയ്യിൽ കൊണ്ടു നടക്കേണ്ട ആവശ്യമില്ല. ആവശ്യമുള്ളപ്പോൾ www.nivio.com-ൽ ലോഗിൻ ചെയ്യുകയേ വേണ്ടൂ. ഉപഭോക്താവിനു പൂർണ്ണ സ്വാതന്ത്ര്യം നൽകുന്ന ഡെസ്ക്ടോപ്പ് റെഡി. ചെറിയ ഒരു ഫീസു നൽകാൻ തയ്യാറായാൽ ചിത്രങ്ങളും പാട്ടുകളും ഒക്കെ സൂക്ഷിക്കാനുള്ള സംവിധാനവും ലഭിക്കും. എം.എസ്. ഓഫീസ്, ഇന്റർനെറ്റ് ബ്രൗസർ, ഔട്ട്ലുക്ക്, യാഹൂമെസഞ്ചർ, വിന്നാമ്പ് തുടങ്ങിയ സോഫ്റ്റുവെയറുകളും ഈ സൈറ്റിൽ ലഭ്യമാണ്, മറ്റു പ്രധാന സൈറ്റുകൾ http://pytagor.com, www.cosmopod.com.

**രോഗങ്ങളെപ്പറ്റി അറിയാൻ** **www.cdc.gov**

ദിനംതോറും പുതിയപേരുകളിൽ പല പകർച്ചവ്യാധികളും പടർന്നു പിടിച്ചുകൊണ്ടിരിക്കുക യാണ്. ലോകമെമ്പാടും ഭീതിപരത്തുന്ന ഇത്തരം രോഗങ്ങളേയും, രോഗലക്ഷണങ്ങളേയും കുറിച്ച് അറിവു പകരുന്ന www.cdc.gov.ലോകത്തിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് രോഗങ്ങൾ പടർന്നു പിടി ച്ചിരിക്കുന്നത്, ഏതൊക്കെ ജനവിഭാഗങ്ങളെയാണ് സാധരണയായി ഈ രോഗം ബാധിക്കുന്നത്, തുടങ്ങി രോഗ ലക്ഷണങ്ങളെക്കുറിച്ചുള്ള സമ്പൂർണ്ണ വിവരങ്ങൾ വരെ ഈ സൈറ്റിലുണ്ട്. പകർച്ചവ്യാധികൾക്കെ തിരെയുള്ളു മുൻകരുതലുകൾ, രോഗങ്ങളെ കുറിച്ചുള്ള പുതിയ ഗവേഷണ ഫലങ്ങൾ തുടങ്ങിയവയും www.cdc.gov.യിൽ നിന്നും അറിയാൻ സാധിക്കും.

**വിദേശപഠനത്തിന് ഒരു വഴികാട്ടി** **www.hyperstudy.com**

ഉപരി പഠനം വിദേശത്താക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയാണ് www.hyperstudy.com ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലെയും പഠന അവസരങ്ങൾ ഈ വെബ്സൈ റ്റിലൂടെ അറിയാൻ കഴിയും. വിവിധ കോഴ്സുകൾ അവയുടെ ഫീസ് ഘടന, സ്കോളർഷിപ്പുകൾ തുട ങ്ങി, വിദേശ പഠന സംബന്ധമായി അറിയാൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ഈ സൈറ്റിൽ നിന്നും തുടർന്ന് അക്കാദമിക് പ്രോഗ്രാം, സർവ്വകലാശാല കോഴ്സുകൾ, ഭാഷാ പഠനം, തുടങ്ങിയവ യിൽ നിന്നും ഇഷ്ടമേഖല തിരഞ്ഞെടുത്ത് അവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാം. മറ്റു പ്രധാന സൈറ്റുകൾ-www.studyoutside.com, www.studyabroad.com, www.internationalstudy.com

**ഓൺലൈൻ വിജ്ഞാനകേന്ദ്രം** **www.wikipedia.com**

ലോകത്തിലെ ഏറ്റവും വലിയ ഓൺലൈൻ സ്വതന്ത്ര വിജ്ഞാനകോശമാണ് www.wikipedia.com ഏതൊരു വിഷയത്തെ സംബന്ധിച്ചും ആർക്കും ഏതു പുതിയ വിവരങ്ങളും കൂട്ടിച്ചേർക്കാവുന്ന ഏക വിജ്ഞാനകോശം കൂടിയാണിത്. ഇതിന്റെ പ്രചാരം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ലോകത്തെ ഒട്ടുമിക്ക ഭാഗങ്ങളിലും വിക്കിപീഡിയക്ക് സൈറ്റുകളുണ്ട്. മലയാളത്തിലുള്ള വിക്കി പീഡിയ വെബ് സൈറ്റിന്റെ വിലാസം http://ml.wikipedia.org എന്നതാണ്. മലയാളം വിക്കിപീഡിയ

യിൽ മൂവായിരത്തിലധികം ലേഖനമാണ് ഇതുവരെ അപ്‌ലോഡ് ചെയ്തത്. സമകാലീകം, സാംസ്കാരിക ചരിത്രം, ഗണിതം, ശാസ്ത്രം, ഭൂമി ശാസ്ത്രം, സാങ്കേതികം, സാമൂഹികം തുടങ്ങിയ ലിങ്കുകൾ മലയാളം വിക്കിപീഡിയയിൽ ലഭ്യമാണ്. വായനക്കാർക്ക് വിവരങ്ങൾ ചേർക്കാനും ഒഴിവാക്കാനും അവസരമുണ്ട്. മറ്റു വെബ്സൈറ്റുകൾ:www.britannica.com, www.encyclopedia.com, www.infoplease.com/encyclopedia.

| കണക്കിന്റെ ചരിത്രം | www.history.mcs.st-andrews.ac.uk |
|---|---|

കണക്കിന്റെ ചരിത്രം അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിയാണ് www-history.mcs.st-andrews.ac.uk എന്ന സൈറ്റ് AD 500 മുതൽ ഇന്നുവരെയുള്ള ഗണിത ശാസ്ത്രജ്ഞന്മാർ അവരുടെ സംഭാവനകൾ, കൃതികൾ തുടങ്ങിയവയെകുറിച്ചുള്ള സമ്പൂർണ്ണ വിവരം ഈ സൈറ്റിലുണ്ട്. ഗണിതശാസ്ത്രത്തിൽ ഗവേഷണം നടത്താൻ ആഗ്രഹിക്കുന്നവർക്ക് സഹായകരമായ നിരവധി ലേഖനങ്ങളും പ്രബന്ധങ്ങളും ഈ സൈറ്റിൽ ലഭ്യമാണ്. പുരാതന കാലത്ത് നില നിന്നിരുന്ന വിവിധ സംസ്കാരങ്ങളും ആ കാലഘട്ടത്തിലെ ഗണിത നേട്ടങ്ങളും ഈ സൈറ്റിൽ വിവരിച്ചിട്ടുണ്ട്.

മറ്റു പ്രധാന സൈറ്റുകൾ - library.thinkquest.org/22584

| ചരിത്ര പഠനം കുട്ടികൾക്ക് | www.historyforkids.org |
|---|---|

ചരിത്രം ഇഷ്ടപ്പെടുന്ന കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ സൈറ്റാണ് www.historyforkids.org. പുരാതന ചരിത്രത്തിന് പ്രാധാന്യം നൽകി കൊണ്ട് നിർമ്മിച്ചിരിക്കുന്ന ദിനം തോറും 19,000 പേർ സന്ദർശിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്നു. കുട്ടികൾക്കു വേണ്ടി ലളിതമായ രീതിയിലും ഭാഷയിലും തയ്യാറാക്കിയ ഏക ചരിത്ര സൈറ്റാണിത്. ഒരു വിഷയത്തെ കുറിച്ചു വിവരിക്കുന്ന പേജിലെ വരികൾക്കിടയിൽതന്നെ കൂടുതൽ വിവരങ്ങൾ ലഭിക്കാനുള്ള ലിങ്കുകളും ലഭ്യമാണ്. പല വിഷയങ്ങളും ചിത്രങ്ങളും, വീഡിയോകളും ഉപയോഗിച്ചാണ് വിശദീകരിച്ചിരിക്കുന്നത്. വിദ്യാർത്ഥികളെ പോലെതന്നെ ചരിത്ര അദ്ധ്യാപകർക്കും വളരെ പ്രയോജനപ്രദമായ ഒരു സൈറ്റാണിത്. മറ്റു പ്രധാന സൈറ്റുകൾ - www.worldhistorycompassion, www.bartleby.com/67

| മലങ്കരസഭ | www.malankaraorthodoxchurch.in |
|---|---|

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക വെബ്സൈറ്റാണിത്. സഭാ വിശ്വാസം, ചരിത്രം, സഭാപിതാക്കന്മാർ, ദിനംതോറുമുള്ള സഭാവാർത്തകൾ, ആരാധനഗീതങ്ങൾ ലോകമാകമാനം വ്യാപിച്ചുകിടക്കുന്ന മലങ്കര സഭയിൽ സംഭവിക്കുന്ന എല്ലാ വാർത്തകളും ചിത്രങ്ങളും ഇതിൽ ലഭ്യമാണ്. സഭയിലെ ദേവാലയങ്ങളെപ്പറ്റിയും വൈദികരേപ്പറ്റിയും ഉള്ള വിവരങ്ങൾ ഇതിൽ ലഭ്യമാണ്.

| ബഥേൽപത്രിക | www.bethelpatrika.org |
|---|---|

മലങ്കര ഓർത്തഡോക്സ് സഭയിലെ ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ മുഖപത്രമായ ബഥേൽപത്രികയുടെ വെബ്സൈറ്റാണിത്. ബഥേൽ പത്രിക അരമനയിൽ നിന്നും വിതരണം ആരംഭിക്കുന്ന ദിവസം തന്നെ ഇന്റർനെറ്റിൽ ലഭ്യമാണ്. റവ.ഫാ. തോമസ് അമയിലാണ് ചീഫ് എഡിറ്റർ.

| മലങ്കരസഭാദീപം | www.malankarasabhadeepam.org |
|---|---|

മലങ്കര ഓർത്തഡോക്സ് സഭാ വൈദികനായ റവ.ഡോ. എം.ഒ. ജോണിന്റെ സംരംഭമാണിത്. സഭാസംബന്ധമായ എല്ലാ വാർത്തകളും ചിത്രങ്ങളും ഈ വെബ്പേജിൽ നിന്ന് ലഭ്യമാണ്.



# സെക്രട്ടറിയുടെ കത്ത്



**പ**ള്ളിഭാഗം യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന യുവദീപ്തി ത്രൈമാസികയുടെ പുതിയ ലക്കം പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

സഹിഷ്ണുതയാണ് സമൂഹത്തിന്റെ കെട്ടുറപ്പിനാധാരം. ഇതിലേക്ക് എത്തിപ്പെടണമെങ്കിൽ ഓരോ വ്യക്തിയുടെയും മനസ്സിന്റെ തുറവി പരമപ്രധാനമാണ്. ഹൃദയത്തിന്റെ നിഷ്കളങ്കത മനുഷ്യരെയെല്ലാ ദൈവത്തിന്റെ ഛായയിലേക്കു സാദൃശ്യത്തിലേക്കും വളർത്തും. ഇന്നു സമൂഹത്തിൽ മാത്സര്യവും വിദ്വേഷവും വർദ്ധിക്കുയാണ്. അതിന് സമാനമായി അടിച്ചമർത്തലുകളും വർദ്ധിക്കുന്നു. അല്പം സഹിഷ്ണുതയുണ്ടായിരുന്നെങ്കിൽ പറുദീസയാകേണ്ടിടങ്ങൾ പലതും അസ്വസ്ഥതയുടെ നെരിപ്പോടിൽ നീറുന്നതിലെ സാംഗത്വവും അസഹിഷ്ണുത തന്നെ. ഈ ലോകയാത്രയുടെ തിരക്കേറുന്ന വീഥികളിൽ കണ്ടുകണ്ടറിഞ്ഞു ഉള്ളുതുറന്നു പങ്ക് വച്ചും സൗഹൃദത്തിന്റെ സ്പന്ദനങ്ങൾ സൃഷ്ടിക്കുകയെന്നത് മനുഷ്യരുടെ കടമയാണ്.

“മാത്സര്യമോ വ്യർത്ഥാഭിമാനോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം (ഫിലിപ്പിയർ :2:3)

ദൈവസ്നേഹത്തിലൂന്നിയ വിശ്വാസത്തിന്റെ ഹൃദയവിശാലത സ്വന്തമാക്കാനാകുന്നവർക്കേ താഴ്മയോടെ നിന്ന് അംഗീകാരത്തിന്റെ കൈയ്യടികൾ നല്കാതാവൂ.

അതിയായ സന്തോഷത്തോടെയാണ് ഞാൻ ഈ കത്ത് എഴുതുന്നത്. 2007 –2008 പ്രവർത്തന വർഷം മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ഏറ്റവും മികച്ച യൂണിറ്റായി പള്ളിഭാഗം യുവജന പ്രസ്ഥാനവും മികച്ച യൂണിറ്റ് സെക്രട്ടറിയായി ശ്രീ ജോജി ജോർജ്ജും തെരഞ്ഞെടുക്കപ്പെട്ടത് അഭിമാനകരമാകുന്നു. പള്ളിഭാഗം യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളോടു സഹകരിക്കുന്ന എല്ലാ സുമനസുകളോടും വിശിഷ്യാ ഇടവക വികാരി ആദരണീയനായ ജോൺപോൾ അച്ചനോടുള്ള നന്ദി രേഖപ്പെടുത്തികൊണ്ട് കത്ത് ചുരുക്കുന്നു.

പ്രാർത്ഥനകളോടെ,

**ബൈജു ബാബു**
സെക്രട്ടറി
പള്ളിഭാഗം യുവജനപ്രസ്ഥാനം

01.10.2008
കുടശ്ശനാട്

With best compliments from……

# M G M

## CATERING SERVICE

**KATTIYAVEETIL**

## PARUMALA

**MOB : 9388906040, 9744912338**

# യൂണിറ്റ് വാർത്തകൾ


കുടശനാട് പള്ളി ഭാഗം യുവജന പ്രസ്ഥാനത്തിന് പുരസ്കാരം

**1. പ്രവർത്തനോദ്ഘാടനം**

പ്രസ്ഥാനത്തിന്റെ 2008-2009 വർഷത്തിലെ പ്രവർത്തന ഉദ്ഘാടനം മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റി അംഗം ശ്രീ. സണ്ണി പുഞ്ചമണ്ണിൽ നിർവ്വഹിച്ചു. ഉദ്ഘാടനത്തെ തുടർന്ന് നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യ ഫുഡ്കിറ്റ് വിതരണം നടത്തുകയുണ്ടായി.

**2. ഭദ്രാസന വാർഷിക സമ്മേളനം**

ഭദ്രാസന ആനുവൽ കോൺഫറൻസിൽ പ്രസ്ഥാന അംഗങ്ങൾ സംബന്ധിച്ചു.

**3. ആട് വിതരണം**

പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി നിർദ്ധനരായ കുടുംബങ്ങൾക്ക് ആട് വിതരണം നടത്തി.

**4. സൗജന്യ യൂണിഫോം, ബുക്ക് വിതരണം**

സൗജന്യ യൂണിഫോം, ബുക്ക് വിതരണവും കുടശ്ശനാട് എൻ.എസ്.എസ്.എച്ച്.എസിൽ വച്ച് കുടശ്ശനാട് പഞ്ചായത്ത് മെമ്പർ സുജാത സോമൻപിള്ള നിർവ്വഹിക്കുകയുണ്ടായി. കൂടാതെ കുടശ്ശനാട് ഗവൺമെന്റ് യു.പി. സ്കൂളിലും, കുരമ്പാല ഗവൺമെന്റ് യു.പി. സ്കൂളിലും, പൂഴിക്കാട് ഗവൺമെന്റ് സ്കൂളിലും, തണ്ടാനുവിള ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും സൗജന്യമായി യൂണിഫോമുകളും, ബുക്കുകളും വിതരണം ചെയ്തു.

**5. പ്രീമാരിറ്റിംഗ് കൗൺസലിംഗ്**

31-5-2008 ശനിയാഴ്ച യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രീമാരിറ്റിംഗ് കൗൺസലിംഗ് ഡോ. സേതുമാധവൻ ഉദ്ഘാടനം ചെയ്തു. 60 യുവതീയുവാക്കൾ സംബന്ധിച്ചു.

**6. അറ്റകുറ്റപണി**

പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർദ്ധനരായ കുടുംബങ്ങളുടെ ഭവനത്തിന്റെ അറ്റകുറ്റപണികൾ ചെയ്തു കൊടുക്കുകയും കൂടാതെ പായും, ബെഡ്ഷീറ്റും, നല്കുകയും ചെയ്തു.

**7. പരിസ്ഥിതി സംരക്ഷണദിനമായി ആചരിച്ചു**

പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണദിനത്തിന്റെ ഭാഗമായി പള്ളിമുറ്റത്ത് റവ. ഫാ. ജേക്കബ് കോന്നി ഒരു അത്തിവൃക്ഷം നടുകയുണ്ടായി.

**8. ഉപഹാരം നൽകി**

നവ വൈദികനായ റവ.ഫാ. ജേക്കബ് കോന്നിക്ക് പൂച്ചെണ്ട് നൽകി പ്രസ്ഥാനം ട്രസ്റ്റി ശ്രീ. ദീപ് ജോൺ മംഗളാശംസകൾ ആശംസിച്ചു.

പ്രസ്ഥാനത്തിന്റെ മുൻ ഭാരവാഹിയായിരുന്ന ശ്രീ. ബിനോയിയുടെ വിവാഹത്തിന് പ്രസ്ഥാനത്തിന്റെ മംഗളോപഹാരം നൽകി.

**9. ചികിത്സാസഹായ പദ്ധതി**

ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയുടെ സപ്തതി ആഘോഷത്തിന്റെ ഭാഗമായി ചികിത്സാധനസഹായ പദ്ധതിയിലേക്ക് സംഭാവന നൽകുകയുണ്ടായി.

**10. സ്വാതന്ത്ര്യദിനാഘോഷം**

സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് റവ.ഫാ. ജോൺപോൾ ദേശീയ പതാക ഉയർത്തുകയും തുടർന്ന് പ്രസ്ഥാന അംഗങ്ങൾ പള്ളിയും പരിസരവും വൃത്തിയാക്കുകയും ചെയ്തു. ഫാ. ജോൺ പോൾ മുഖ്യസന്ദേശം നൽകുകയും ചെയ്തു.

**11. വിവാഹമംഗളാശംസകൾ**

പ്രസ്ഥാനം പ്രവർത്തകനായിരുന്ന ബിനോയിയുടെ വിവാഹത്തിന് പ്രസ്ഥാനം പ്രവർത്തകർ സംബന്ധിക്കുകയും മംഗളപത്രം സമർപ്പിക്കുകയും ചെയ്തു.

പ്രസ്ഥാനം മുൻ പ്രവർത്തകനായിരുന്ന തമ്പാച്ചൻ ബേബിയുടെ വിവാഹത്തിന് പ്രസ്ഥാനം പ്രവർത്തകർ സംബന്ധിക്കുകയും മംഗളപത്രം സമർപ്പിക്കുകയും ചെയ്തു.

**12. സെന്റ് തോമസ് ദിനാചരണം**

സെന്റ് തോമസ് ദിനാചരണം സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി എം.ജി.ഒ.സി.എസ്.എം പന്തളം ഡിസ്ട്രിക്ട് ഓർഗനൈസർ മുഖ്യസന്ദേശം നൽകി.

**13. പ്രതിഷേധിച്ചു**

ഒറീസയിൽ ക്രൈസ്തവർക്ക് നേരെ നടന്ന അക്രമങ്ങളിൽ പ്രതിഷേധിച്ച് പ്രസ്ഥാനാംഗങ്ങൾ പ്രതിഷേധ പ്രമേയം രേഖപ്പെടുത്തി.

**14. അനുശോചനം**

വന്ദ്യ പി.സി. യോഹന്നാൻ റമ്പാന്റെ ശവസംസ്കാരചടങ്ങിൽ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ച് അംഗങ്ങൾ സംബന്ധിച്ചു.

**15. യുവജനവാരാഘോഷവും, ഓണാഘോഷം**

കേന്ദ്രനിർദ്ദേശപ്രകാരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനവാരാഘോഷം നടത്തി. പതാക ഉയർത്തൽ സൗജന്യ ഓണകിറ്റ് വിതരണം, പാമ്പാടി ആശാകിരൺ സന്ദർശനം, സൗജന്യ വസ്ത്രവിതരണം, കൊട്ടാരക്കര സ്നേഹാലയ സന്ദർശനം, സഭയുടെ പുരാതന ദേവാലയങ്ങളിലേക്ക് തീർത്ഥാടനം, കലാകായിക മത്സരങ്ങൾ, ഓണസദ്യ തുടങ്ങി വിവിധ പരിപാടികൾ നടത്തുകയുണ്ടായി.

**16. മെറിറ്റ് അവാർഡ്**

എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഇടവകയിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ച കുട്ടികൾക്ക് മെറിറ്റ് അവാർഡ് നൽകി അനുമോദിച്ചു. പത്താംക്ലാസിൽ കേരള സിലബസിൽ നിന്ന് അനിതാ രാജുവും, സി.ബി.എസ്.ഇ. സിലബസിൽ നിന്ന് ബിജിത്ത് വർഗീസും, 12-ാം ക്ലാസ് കേരളാ സിലബസിൽ നിന്ന് ലിറ്റി അന്നാ ജോർജ്ജും, സി.ബി.എസ്.ഇ. സിലബസിൽ നിന്ന് ദീപക് ബാബു സാമുവും അവാർഡുകൾ ഏറ്റുവാങ്ങി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത അവാർഡുകൾ വിതരണം ചെയ്തു.

**17. ഹരിത പദ്ധതി**

ചെങ്ങന്നൂർ ഭദ്രാസന യുവജനപ്രസ്ഥാന നേതൃസംഗമത്തിലും, ഹരിതപദ്ധതിയുടെ ഉദ്ഘാടനത്തിലും പ്രസ്ഥാനാംഗങ്ങൾ സംബന്ധിച്ചു. പദ്ധതിയുടെ ഭാഗമായി ലഭിച്ച വിവിധയിനം പച്ചക്കറി വിത്തുകൾ ഉപയോഗിച്ച് ഇടവകയുടെ പരിസരത്ത് കൃഷിത്തോട്ടം നിർമ്മിക്കുകയും ചെയ്തു.

**18. അനുമോദനങ്ങൾ**

മലങ്കരയിലെ ഏറ്റവും മികച്ച യൂണിറ്റായി തിരഞ്ഞെടുക്കപ്പെട്ട പള്ളിഭാഗം യുവജനപ്രസ്ഥാനത്തിന് ഭദ്രാസന യുവജനപ്രസ്ഥാനവും, സൗദി പ്രവാസി മലയാളിസംഘവും, ബഹ്റിൻ പ്രവാസി മലയാളി സംഘവും അനുമോദിച്ചു.